# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഡി.റ്റി.വി.എം/ജി.പി4/656/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 31/03/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡി.റ്റി.വി.എം/ജി.പി4/656/2021 തീയ്യതി: 31/03/2021

തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 08-03-2021 | 18-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-03-2021 | 18-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി .ലതാകുമാരി.എം,ഓഡിറ്റ് ഓഫീസർ
ശ്രീമതി.വിശ്വലത.വി,സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീ.കോസലരാമദാസ്,സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീമതി.സീന.കെ,സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീ.ലിപു ലോറൻസ്,ഓഡിറ്റർ
കുമാരി മെർലിൻ ജേക്കബ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| . മല്ലിക വിജയൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ.വി.സുരേഷ് | സെക്രട്ടറി | 01-04-2019 | 02-07-2019 |
| . ആർ.മോഹനദാസ് | സെക്രട്ടറി | 03-07-2019 | 31-07-2019 |
| മുരളീധരൻ പിള്ള. വി | സെക്രട്ടറി | 01-08-2019 | 15-08-2019 |
| സുനിൽ.പി | സെക്രട്ടറി | 16-08-2019 | 31-03-2020 |
| മൃദുല.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഏവിസ് ഫിലിപ്പ് | മെഡിക്കൽ ഓഫീസർ | 01-04-2019 | 29-01-2020 |
| ദീപ.എം.എസ് | മെഡിക്കൽ ഓഫീസർ | 30-01-2020 | 31-03-2020 |
| ശ്രീദേവി.ഐ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| സൂരജ് .സി.ജെ | അസിസ്റ്റന്റ് എഞ്ചിനീയർ,LSGD | 01-04-2019 | 31-03-2020 |
| ജയശ്രീ | ICDS സൂപ്പർ വൈസർ | 01-04-2019 | 31-05-2019 |
| വിജയകുമാരി | ICDS സൂപ്പർ വൈസർ | 01-06-2019 | 08-12-2019 |
| അജി സുഗതൻ | ICDS സൂപ്പർ വൈസർ | 09-12-2019 | 31-03-2020 |
| സേതുമാധവൻ | വെറ്റിനറി ഡോക്ടർ | 01-04-2019 | 31-03-2020 |
| രമേഷ് കുമാർ.പി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| കുമാരി ഷീല.എസ് | ഹെഡ് മിസ്ട്രസ് | 01-04-2019 | 31-03-2020 |
| നിഷ വത്സലൻ | ഡയറി ഫാം ഇൻസ്ട്രക്ട | 01-04-2019 | 31-03-2020 |
| സന്തോഷ് കുമാർ | മെഡിക്കൽ ഓഫീസർ, ഹോമിയോ 1. | 01-04-2019 | 31-03-2020 |
| അശ്വതി | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Zeena K (Senior Grade Auditor, On 17-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-1 |
| 2 | ബജറ്റ് നടപടിക്രമങ്ങളിലെ അപാകതകൾ<br>Written By: Zeena K (Senior Grade Auditor, On 17-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-1-1 |
| 3 | ബജറ്റ് നിർദ്ദേശങ്ങൾ ലഭ്യമല്ലാതെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നു<br>Written By: Zeena K (Senior Grade Auditor, On 17-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-1-2 |
| 4 | വരവ് തുക ഉയർത്തിക്കാട്ടി ബജറ്റ് തയ്യാറാക്കിയിരിക്കുന്നു.<br>Written By: Zeena K (Senior Grade Auditor, On 17-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-1-3 |
| 5 | വാർഷിക ധനകാര്യപത്രിക<br>Written By: Zeena K (Senior Grade Auditor, On 17-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-2 |
| 6 | KURDFC യുടെ ലോൺ രജിസ്റ്റർ പരിപാലിച്ചിട്ടില്ല.<br>Written By: Zeena K (Senior Grade Auditor, On 17-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-2-1 |
| 7 | വാർഷിക ധനകാര്യപത്രികയിലെ തുകയും രജിസ്റ്ററുകളിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Zeena K (Senior Grade Auditor, On 17-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-2-2 |
| 8 | ആസ്തി സൃഷ്ടിച്ചത് വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.<br>Written By: Zeena K (Senior Grade Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-2-3 |
| 9 | അടിസ്ഥാന അനുപാതം ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Viswalatha V.L (Senior Grade Auditor, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-2-4 |
| 10 | തൊഴിൽ നികുതി അപാകതകൾ<br>Written By: Merlin Jacob (Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-3 |
| 11 | തൊഴിൽ നികുതി സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും ക്രമപ്രകാരം പരിപാലിക്കപ്പെടുന്നില്ല<br>Written By: Merlin Jacob (Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-3-1 |
| 12 | എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: Merlin Jacob (Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-3-2 |
| 13 | നികുതി സമയപരിധിക്കുള്ളിൽ അടച്ചിട്ടില്ല.<br>Written By: Merlin Jacob (Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-3-3 |
| 14 | ഗ്രാന്റ് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 17-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-4 |
| 15 | വികസന ഫണ്ടിന്റെ മേഖല വകയിരുത്തലും പ്രത്യേക പദ്ധതികളുടെ വിഹിതം നിശ്ചയിക്കല്ും -വനിതഘടക പദ്ധതി-വകയിരുത്തലിൽ കുറവ്<br>Written By: Zeena K (Senior Grade Auditor, On 17-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-4-1 |
| 16 | സംയുക്ത പ്രോജക്ടുകൾക്കായി ചെലവഴിക്കാത്ത തുകകൾ തനതു ഫണ്ടിൽ അവശേഷിക്കുന്നു<br>Written By: Zeena K (Senior Grade Auditor, On 17-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-4-2 |
| 17 | ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ<br>Written By: Merlin Jacob (Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-5 |
| 18 | തൊഴിൽ രഹിത വേതന രജിസ്റ്റർ അപൂർണ്ണം<br>Written By: Merlin Jacob (Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-5-1 |
| 19 | കേരള കർഷക തൊഴിലാളി പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.<br>Written By: Merlin Jacob (Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-5-2 |
| 20 | വിവാഹധനസഹായ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.<br>Written By: Merlin Jacob (Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-5-3 |
| 21 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.<br>Written By: Merlin Jacob (Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-5-4 |
| 22 | വികലാംഗ പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.<br>Written By: Merlin Jacob (Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-5-5 |
| 23 | കെട്ടിട പെർമിറ്റ് നൽകിയതിൽ സമയപരിധി പാലിച്ചിട്ടില്ല.<br>Written By: Zeena K (Senior Grade Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-6 |
| 24 | റേഷൻ കടകൾ,മാവേലി സ്റ്റോർ എന്നിവയിൽ നിന്നും തൊഴിൽ നികുതി,ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.<br>Written By: Zeena K (Senior Grade Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-7 |
| 25 | MGNREGS പദ്ധതിയുടെ വിശദാംശങ്ങൾ<br>Written By: Merlin Jacob (Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-8 |
| 26 | MGNREGS – ന്റെ പ്രവർത്തനം അവലോകനം<br>Written By: Merlin Jacob (Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-8-1 |
| 27 | ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹിച്ച പദ്ധതികളിലെ അപാകങ്ങൾ<br>Written By: Lipu Lawrence (Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-9 |
| 28 | അങ്കണവാടികളുടെയും ബന്ധപ്പെട്ട കമ്മിറ്റികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്<br>Written By: Lipu Lawrence (Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-9-1 |
| 29 | അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്<br>Written By: Lipu Lawrence (Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-9-2 |
| 30 | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അങ്കണവാടികളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്<br>Written By: Lipu Lawrence (Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-9-3 |
| 31 | പൂരകപോഷകാഹാരപദ്ധതി മെച്ചപ്പെടുത്തേണ്ടതാണ്<br>Written By: Lipu Lawrence (Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-9-4 |
| 32 | വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ-അപാകതകൾ<br>Written By: Zeena K (Senior Grade Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-10 |
| 33 | FTEAOS Licence അപേക്ഷകളിൽ മൂലധനത്തുകയോ ദിവസേനയുള്ള വിറ്റുവരവോ രേഖപ്പെടുത്തിക്കാണുന്നില്ല<br>Written By: Zeena K (Senior Grade Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-10-1 |
| 34 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Lathakumari M (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-11 |
| 35 | കാർഷിക മേഖലയിൽ നടപ്പാക്കിയ പ്രവൃത്തികൾ-സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമല്ല<br>Written By: Kosalaramadas.K (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-12 |
| 36 | പദ്ധതി ചെലവ് രേഖകളുടെ അഭാവം-79923/-രൂപ തടസ്സം ചെയ്യുന്നു.<br>Written By: Kosalaramadas.K (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-13 |
| 37 | സ്കൂളുകൾക്ക് ഫർണിച്ചർ-അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Kosalaramadas.K (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-14 |
| 38 | തുടർ വിദ്യാഭ്യാസ പരിപാടി പദ്ധതി-ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Kosalaramadas.K (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-15 |
| 39 | വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമല്ല.<br>Written By: Kosalaramadas.K (Senior Grade Auditor, On 19-03-2021) | 1-16 |

| | | |
|---|---|---|
| | Last Updated By: K Sreeja (Deputy Director, On 31-03-2021) | |
| 40 | -പാലിയേറ്റിവ് പരിചരണ പദ്ധതി നടപ്പാക്കൽ-സർക്കാർ മാനദണ്ഡപ്രകാരമല്ല<br>Written By: Kosalaramadas.K (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-17 |
| 41 | പദ്ധതി ലക്ഷ്യം കൈവരിച്ചില്ല-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.<br>Written By: Kosalaramadas.K (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-18 |
| 42 | വെറ്ററിനറി സർജൻ നടത്തിയ പദ്ധതികളിലെ അപാകങ്ങൾ<br>Written By: Lipu Lawrence (Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-19 |
| 43 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - മാർഗ്ഗരേഖ പാലിക്കുന്നില്ല.<br>Written By: Lipu Lawrence (Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-19-1 |
| 44 | വെറ്ററിനറി സർജൻ നിർവ്വഹിച്ച പദ്ധതികളിൽ പർച്ചേസ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.<br>Written By: Lipu Lawrence (Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-19-2 |
| 45 | ആടു വളർത്തൽ, പശു വളർത്തൽ പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നില്ല.<br>Written By: Lipu Lawrence (Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-19-3 |
| 46 | പദ്ധതി രൂപീകരണപത്രം തയ്യാറാക്കിയിട്ടില്ല<br>Written By: Lipu Lawrence (Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-19-4 |
| 47 | മോണിറ്ററിംഗ് നടത്തുന്നില്ല - പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നില്ല<br>Written By: Lipu Lawrence (Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-19-5 |
| 48 | കാഷ് ബുക്ക് ടി ആർ 7 എ ഫോറത്തിൽ പരിപാലിക്കുന്നില്ല<br>Written By: Lipu Lawrence (Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-19-6 |
| 49 | എ.ബി. സി. പദ്ധതി -ചെലവ് രേഖകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല<br>Written By: Lipu Lawrence (Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-19-7 |
| 50 | വി ഇ ഒ നടപ്പാക്കിയ പദ്ധതികളിലെ അപാകങ്ങൾ<br>Written By: Lipu Lawrence (Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-20 |
| 51 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - മാർഗ്ഗരേഖ പാലിക്കുന്നില്ല.<br>Written By: Lipu Lawrence (Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-20-1 |
| 52 | ഗുണഭോക്താക്കളുമായി കുറ്റമറ്റ കരാർ ചമയ്ക്കുന്നില്ല<br>Written By: Lipu Lawrence (Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-20-2 |
| 53 | പദ്ധതി പൂർത്തീകരണപത്രം ഇല്ല<br>Written By: Lipu Lawrence (Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-20-3 |
| 54 | കാഷ് ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല<br>Written By: Lipu Lawrence (Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-20-4 |
| 55 | ലൈഫ് പദ്ധതി പണം തിരിച്ചടച്ച വിവരം ലഭ്യമാക്കിയില്ല<br>Written By: Lipu Lawrence (Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-20-5 |
| 56 | രസീതു പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Merlin Jacob (Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-21 |
| 57 | പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ സംയുക്ത പരിശോധന നടത്തേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-22 |
| 58 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് കിട്ടിയിട്ടില്ല.<br>Written By: Lathakumari M (Audit Officer, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-23 |
| 59 | ആസ്തി രജിസ്റ്റർ പരിപാലനം കുറ്റമറ്റതാക്കേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 24-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-24 |
| 60 | കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നു<br>Written By: Lathakumari M (Audit Officer, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-25 |
| 61 | ആമ്പുലൻസിന്റെ ലോഗ്ബുക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Zeena K (Senior Grade Auditor, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-26 |
| 62 | അങ്കണവാടിയിലെ മോട്ടാർ ഉപയോഗിക്കുന്നില്ല.<br>Written By: Lipu Lawrence (Auditor, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-27 |
| 63 | എസ് എൽ ഐ, ജി ഐ എസ് തുകകൾ ശമ്പളത്തിന് ആനുപാതികമായി അടയ്ക്കുന്നില്ല<br>Written By: Lipu Lawrence (Auditor, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-28 |
| 64 | ലൈബ്രറിയുടെ പ്രവർത്തനം തൃപ്തികരമല്ല<br>Written By: Lathakumari M (Audit Officer, On 26-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 17-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 17-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Zeena K (Senior Grade Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Zeena K (Senior Grade Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Zeena K (Senior Grade Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-6 |
| 7 | സമാഹൃദ റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Zeena K (Senior Grade Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Zeena K (Senior Grade Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Zeena K (Senior Grade Auditor, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Zeena K (Senior Grade Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 22.02.2019 ൽ കൂടിയ സാധാരണയോഗത്തിൽ 1-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.പുതുക്കിയ ബജറ്റ് 27.03.2020 ൽ 2020-21 ബജറ്റിനോടൊപ്പം അംഗീകരിച്ചു.മുന്നിരിപ്പുൾപ്പടെ ആകെ പ്രതീക്ഷിത വരവ് 63,63,36,280/-രൂപയും പ്രതീക്ഷിത ചെലവ് 60,21,53,574/-രൂപയുമാണ്. നീക്കിയിരിപ്പ് 3,41,82,706/-രൂപയാണ്.

### 1-1-1 ബജറ്റ് നടപടിക്രമങ്ങളിലെ അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടസ്) ചട്ടങ്ങൾ 72 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവു ചെയ്യുന്നതിനായി അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്.ആക്ടിലെസെക്ഷൽ 214(5) പ്രകാരം ബജറ്റിൽ ഇല്ലാത്ത ചെലവ് ചെയേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അംഗീകരിച്ച് അനുവാദം നേടേണ്ടതാണ്.അടുത്ത വർഷത്തെ ബജറ്റിനോടെപ്പം തന്നാണ്ടിൽ ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവു ചെയ്യുന്നതിനുള്ള അനുമതി നൽകുന്നത് പുതുക്കിയ ബജറ്റായി കണക്കാകുവാൻ പാടില്ല.

എന്നാൽ പഞ്ചായത്തിലെ ബജറ്റ് പരിശോധിച്ചതിൽ പുതുക്കിയ ബജറ്റ് അടുത്ത സാമ്പത്തിക വർഷത്തിലെ ബജറ്റിനോടൊപ്പം 27.03.2020- ൽ അംഗീകരിച്ചു. ഈ പ്രവണത പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് വിരുദ്ധമാണ്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 28/2021 ന മറുപടിയിൽ ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന അറിയിച്ചിരിക്കുന്നു.

ഭാവിയിൽ ചട്ടങ്ങൾ അനുശാസിക്കുന്ന രീതിയിൽ ബജറ്റ് തയ്യാറാക്കുവാൻ ഭരണസമിതിയും ഉദ്യോഗസ്ഥന്മാരും ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 ബജറ്റ് നിർദ്ദേശങ്ങൾ ലഭ്യമല്ലാതെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 (1) പ്രകാരം ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും
ജനവരി 15-ാം തീയതിക്ക് മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഘടകസ്ഥാപനങ്ങിലെ ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചു കൊണ്ട് തയ്യാറാക്കേണ്ടതും അതു ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

എന്നാൽ ഇതു സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുവാൻ ബജറ്റ് ഫയൽ ഹാജരാക്കിയിട്ടില്ല.

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിറ്റിസ് പരിശോധിച്ചപ്പോൾ 29.11.2018 ലെ സാധാരണയോഗത്തിൽ അജണ്ട 4 ആയി 2019-20 വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിനായി നിർദ്ദേശങ്ങൾ ക്ഷണിക്കുവാൻ തീരുമാനിച്ചുവെങ്കിലും ആയതു 24.12.2018 , 22.01.2019 എന്നീ തീയതികളിലെ കമ്മിറ്റി മിനിറ്റ്സുകളിലും ലഭ്യമായിട്ടില്ലായെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 13/2021,28/2021 എന്നിവയ്ക്കുള്ള മറുപടി പ്രകാരം സ്ഥാപനമേധാവികൾക്ക് പ്രോപ്പോസൽ നൽകുന്നതിനായി നിർദ്ദേശങ്ങൾ നൽകിയെങ്കിലും അവ ലഭിച്ചതായിട്ടുള്ള ഫയൽ കണ്ടെത്തുവാൻ സാധിച്ചിട്ടില്ലായെന്നും ബജറ്റ് തയ്യാറാക്കേണ്ട സാഹചര്യം പരിഗണിച്ച് ബജറ്റ് തയ്യാറാക്കിയെന്നും അറിയിച്ചിരിക്കുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം,വകുപ്പ് 214 (1) അനുശാസിക്കും വിധത്തിലല്ല ബജറ്റ് തയ്യാറാക്കിയിരിക്കുന്നതെന്ന വ്യക്തമായിരിക്കുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം,വകുപ്പ് 214 (1) പ്രകാരം ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും
ജനവരി 15-ാം തീയതിക്ക് മുമ്പായി എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചു കൊണ്ടാണ് ബജറ്റ് തയ്യാറാക്കേണ്ടതും ഭാവിയിൽ ചട്ടങ്ങൾ അനുശാസിക്കുന്ന രീതിയിൽ ബജറ്റ് തയ്യാറാക്കുവാൻ ഭരണസമിതിയും ഉദ്യോഗസ്ഥന്മാരും ശ്രദ്ധിക്കേണ്ടതാണ്.

### 1-1-3 വരവ് തുക ഉയർത്തിക്കാട്ടി ബജറ്റ് തയ്യാറാക്കിയിരിക്കുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 (3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്താരവും വാസ്തവികവുമായിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളുമുണ്ടായിരിക്കണം എന്നിരിക്കെ സ്ഥാപനത്തിലെ പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് ഉയർത്തിക്കാട്ടി ബജറ്റ് തയ്യാറാക്കിയിരിക്കുന്നു.

1.പരസ്യനികുതിയിനത്തിൽ റിവൈസ്ഡ് ബജറ്റ് പ്രകാരം 5,00,000/-രൂപ വകയിരുത്തുകയും എന്നാൽ AFS -ൽ 2018-19,,2019-20 എന്നീ വർഷങ്ങളിൽ ഇത്തരത്തിൽ വരവ് വന്നിട്ടില്ല.

2.ചുവടെ ചേർക്കുന്ന വരവിനങ്ങൾക്ക് ഡിമാന്റിനെക്കാളും വലിയ തുക ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

| ക്രമ നം | വരവിനം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | AFS (I-3) പ്രകാരം ഡിമാന്റ് (2019-20) | AFS (RP 3) പ്രകാരം വരവ് (2018-19) |
|---|---|---|---|---|
| 1 | Rent From Land And Buildings | 200000 | 10200 | 500 |
| 2 | Rent From Auditoriums & Halls | 400000 | 8000 | 17700 |
| 3 | Lease Rents | 300000 | 1500 | 13750 |

ഇത്തരത്തിൽ തുക ഉയർത്തിക്കാട്ടി ബജറ്റ് തയ്യാരാക്കിയിരിക്കുന്നത് കേരള പഞ്ചായത്ത് രാജ് നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 14/2021 ന മറുപടി സ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശങ്ങൾക്ക് വിധേയമായി പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണ് പ്രസ്തുത തുകകൾ ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നതൊന്ന് അറിയിച്ചിരിക്കുന്നു.

ഭാവിയിൽ ചട്ടങ്ങൾ അനുശാസിക്കുന്ന രീതിയിൽ ബജറ്റ് തയ്യാറാക്കുവാൻ ഭരണസമിതിയും ഉദ്യോഗസ്ഥന്മാരും ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കുവാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 10.06.2020 | -- | -- |

2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-2-1 KURDFC യുടെ ലോൺ രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

Balance Sheet B5 പ്രകാരം Loan From KURDFC 8,33,91,707/- രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത്. എന്നാൽ മുൻ വർഷ നീക്കിയിരിപ്പായി (2018-19 B5 പ്രകാരം) 7,69,02,296/- രൂപയും തൻ വർഷ വരവായി 1,19,60,000/- രൂപയും പ്രസ്തുത തുക ചെലവായി RP 45 Prepaid Expenses എന്ന ശീർഷകത്തിലും കാണിച്ചിട്ടുണ്ട്.അപ്പോൾ നീക്കിയിരിപ്പായി 7,69,02,296/-രൂപയാണ് വരേണ്ടത്. എന്നാൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത് 8,33,91,707/- രൂപയാണ്. 64,89,411/- രൂപയുടെ വ്യത്യാസം.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.1/2021 ന മറുപടി (1) ൽ KURDFC യിൽ നിന്നും ലോണായി അനുവദിച്ച തുകയാണെന്നുള്ള അവ്യക്തമായ മറുപടിയാണ് നൽകിയിരിക്കുന്നത്.

KURDFC യുടെ ലോൺ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. മുന്നിരിപ്പ്, വരവ് വന്ന തുക, അടവാക്കിയ തുക, നീക്കിയിരിപ്പ് എന്നിവ കൃത്യമായി രേഖപ്പെടുത്തിയ ലോൺ രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

### 1-2-2 വാർഷിക ധനകാര്യപത്രികയിലെ തുകയും രജിസ്റ്ററുകളിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

1.AFS പ്രകാരം Market Receipts ഡിമാന്റായി 68,100/-രൂപ്രം വരവായി 34,350/-രൂപയും രേഖപ്പെടുത്തിയിരിക്കുന്നു, എന്നാൽ രജിസ്റ്റർ പ്രകാരം Demand & Collection 61,450/-രൂപയാണ്.

2.

| Item | AFS പ്രകാരം | Registerപ്രകാരം |
|---|---|---|
| Registration Fee From Paramedical Institutions | 400/- | 1,050/- |
| License Fee For Dogs &Pigs | Not Entered | 55/- |
| Other User Charges Collected(Income Fro Swimmig Pool) | 8,39,950/- | 8,36,900/- |
| Market Receipts | 34,350/- | 61,450/- |
| Professional Tax | 15,77,880/- | 15,01,310/- |

3.വാർഷിക ധനകാര്യപത്രിക പ്രകാരം ജില്ലാ പഞ്ചായത്ത് (സംയുക്ത പ്രോജക്റ്റ്) വിഹിതം 34,78,715/-രൂപയും ലഡ്ജർ /ചെലവ് പത്രിക പ്രകാരം 38,46,870/-രൂപയുമാണ് കാണിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.5/2021 ന മറുപടി ഹാജരാക്കിയിട്ടില്ല.

4.വാർഷിക ധനകാര്യപത്രികയും, ACR, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പൊരുത്തപ്പെടുന്നില്ല .

A) 2019-20 വാർഷിക ധനകാര്യപത്രികയും, ACR, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ചെലവ് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1. വാർഷിക ധനകാര്യപത്രികയും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ തമ്മിലുള്ള വ്യത്യാസം

| ഗ്രാന്റിനം | വാർഷിക ധനകാര്യ പത്രികയിലെ ഇക | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ഇക |
|---|---|---|
| വികസന ഫണ്ട് -ജനറൽ | 19501114 | 26525505 |
| വികസന ഫണ്ട് - (എസ്.സി.പി) | 11339421 | 11898245 |

2. ACR-വാർഷിക ധനകാര്യപത്രികയും തമ്മിലുള്ള വ്യത്യാസം

| ഗ്രാന്റിനം | ACR-ലെ ഇക | വാർഷിക ധനകാര്യ പത്രികയിലെ ഇക |
|---|---|---|
| വികസന ഫണ്ട് - (എസ്.സി.പി) | 11424117 | 11339421 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 8998126 | 8384745 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 5/2021 ന്ന മറുപടി ഹാജരാക്കിയിട്ടില്ല.

B). ഗ്രാന്റ് സ്റ്റേറ്റ്മെന്റ് -എ.സി.ആർ എന്നിവയിലെ ഇകകൾ പൊരുത്തപ്പെടുന്നില്ല

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് -എ.സി.ആർ എന്നിവയിലെ ഇകകൾ പരിശോധിച്ചതിൽ കണ്ട വ്യത്യാസം ചുവടെ ചേർക്കുന്നു

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്-ലെ ഇക | | എ.സി.ആർ -ലെ ഇക | |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | വരവ് | 23111609 | വരവ് | 23111609 |
| | ചെലവ് | 26525505 | ചെലവ് | 19501114 |
| | നീക്കിയിരിപ്പ് | -3413896 | നീക്കിയിരിപ്പ് | 3610495 |
| വികസന ഫണ്ട് (എസ്.സി.പി) | വരവ് | 15563176 | വരവ് | 15563176 |
| | ചെലവ് | 11898245 | ചെലവ് | 11424117 |
| | നീക്കിയിരിപ്പ് | 3664931 | നീക്കിയിരിപ്പ് | 4139059 |
| വികസന ഫണ്ട് (റ്റി.എസ്.പി) | വരവ് | 173000 | വരവ് | 173000 |
| | ചെലവ് | 0 | ചെലവ് | 0 |
| | നീക്കിയിരിപ്പ് | 173000 | നീക്കിയിരിപ്പ് | 0 |
| സി.എഫ്.സി (Tied) | വരവ് | 2543800 | വരവ് | 0 |
| | ചെലവ് | 11683 | ചെലവ് | 0 |
| | നീക്കിയിരിപ്പ് | 2532117 | നീക്കിയിരിപ്പ് | 0 |
| സി.എഫ്.സി (Untied) | വരവ് | 23037679 | വരവ് | 23037679 |
| | ചെലവ് | 8373062 | ചെലവ് | 8998126 |
| | നീക്കിയിരിപ്പ് | 14664617 | നീക്കിയിരിപ്പ് | 14039553 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/2021 നുള്ള മറുപടിയിൽ ലോക്കൽ സാംഖ്യയിലെ ചെലവും സുലേഖയിലെ ചെലവും തമ്മിൽ പൊരുത്തപ്പെടുത്തിയാണ് 2019-20 ലെ വാർഷിക ധനകാര്യപത്രിക തയ്യാറാക്കിയത്. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓട്ടോമാറ്റഡ് ജനറേറ്റഡാണെന്ന അറിയിച്ചിട്ടുണ്ട്.

1-2-3 ആസ്തി സൃഷ്ടിച്ചത് വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

2018-19 ബാലൻസ് ഷീറ്റ് B4 പ്രകാരം സംയുക്ത പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ളതിന്റെ നീക്കിയിരിപ്പ് ഇക 5,83,525/-രൂപയാണ്. 2019-20 വർഷത്തിൽ 3,00,000/-രൂപ അങ്കണവാടി നിർമ്മാണത്തിനായി ബ്ലോക്ക് വിഹിതമായി വരുകയും പ്രസ്തുത ഇക ചെലവായതായി Expenditure Statement (പ്രോജക്ട് നം.315) പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രസ്തുത 3,00,000/-രൂപ ഉൾപ്പെട്ട നീക്കിയിരിപ്പാണ് 2019-20 ബാലൻസ് ഷീറ്റ് B4 പ്രകാരം സംയുക്ത പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ളതിന്റെ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത് (8,83,525/-). ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.29/2021 നുള്ള മറുപടിയിൽ ചെലവായ ഇക തെറ്റായി രേഖപ്പെടുത്തിയതിനാലാണ് എന്ന മറുപടി നൽകിയിരിക്കുന്നു.

പ്രസ്തുത ഇക വാർഷികധനകാര്യപത്രികയിൽ ആസ്തിയായി രേഖപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-2-4 അടിസ്ഥാന അനുപാതം ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയോടൊപ്പം അടിസ്ഥാന അനുപാതം ഉൾപ്പെടുത്തിയിട്ടില്ല.

1-3 തൊഴിൽ നികതി അപാകതകൾ

2019-2020 സാമ്പത്തിക വർഷത്തെ തൊഴിൽ നികതി സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1-3-1 തൊഴിൽ നികതി സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും ക്രമപ്രകാരം പരിപാലിക്കപ്പെടുന്നില്ല

1) തൊഴിൽ നികതി സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും ക്രമപ്രകാരം പരിപാലിക്കപ്പെടുന്നില്ല. രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

- തൊഴിൽനികതി രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 24/12.03.2021 ന്ന രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതാണെന്ന മറുപടി നൽകി.
- 2019-2020 സാമ്പത്തിക വർഷം ഒന്നാം അർധവർഷം ആകെ 56 സ്ഥാപനങ്ങൾ പത്രിക സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം 62 സ്ഥാപനങ്ങൾ നികതി അടച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.
- എന്നാൽ ഡിമാന്റ് ആന്റ് കളക്ഷൻ കണക്കാക്കിയതിൽ ആകെ 23 സ്ഥാപനങ്ങളിൽ നിന്നമായി 360010 രൂപ ഒന്നാം അർധവർഷം മാത്രമേ വരവ് വെച്ചിട്ടുള്ളൂ.
- പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന പോപ്പുലർ മെഗാ മോട്ടോഴ്സ് പ്രൈ. ലിമിറ്റഡ് എന്ന സ്ഥാപനം ഒന്നാം അർധവാർഷികത്തിൽ സമർപ്പിച്ച പത്രിക പ്രകാരം അടവാക്കേണ്ട ഇക 44,800/- രൂപയാണ്. എന്നാൽ ഡിമാന്റ് ആന്റ് കളക്ഷനിൽ 44,700/- രൂപയാണ് കണക്കാക്കിയിട്ടുള്ളത്.
- എസ്.ബി.ഐ, ബാലരാമപുരം എന്ന സ്ഥാപനം ഒന്നാം അർധവർഷം സ്ഥാപനനികതി ഒടുക്കിയതായി രജിസ്റ്റർ പ്രകാരം രേഖപ്പെടുത്തിയിട്ടില്ല.

പ്രസ്തുത അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 24/12.03.2021 ക്ക് അപാകതകൾ പരിഹരിക്കുന്നതാണെന്ന മറുപടി നൽകി. തൊഴിൽ നികതി സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും ക്രമപ്രകാരം പരിപാലിക്കപ്പെടുന്നുണ്ടെന്ന് സെക്രട്ടറി കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

2) നിർദ്ദിഷ്ട മാതൃകയിൽ പത്രിക സമർപ്പിച്ചിട്ടില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികതി) ചട്ടങ്ങൾ, ചട്ടം 14,16 പ്രകാരം ഫാറം നമ്പർ II മാതൃകയിലുള്ള പത്രികയിൽ വേണം സ്ഥാപനങ്ങൾ പത്രികകൾ സമർപ്പിക്കേണ്ടത്. അപ്രകാരം സമർപ്പിച്ചിട്ടില്ലാത്തതിനാൽ ജീവനക്കാരുടെ വരുമാനയിനങ്ങളെല്ലാം ഉൾപ്പെടുത്തിയാണോ തൊഴിൽ നികതി ഈടാക്കിയതെന്ന് ഉറപ്പാക്കാനായിട്ടില്ല. എന്നാൽ 2019-2020 സാമ്പത്തിക വർഷം എല്ലാ സ്ഥാപനങ്ങളും ഇപ്രകാരം പത്രിക സമർപ്പിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് | 1 |

| | | |
|---|---|---|
| 2 | NFSA PDS ഗോഡൗൺ, പള്ളിച്ചൽ | 1 |
| 3 | Ecom Express (P) Ltd | 1 |
| 4 | പോത്തൻസ് ഹ്യൂണ്ടായി സർവ്വീസ് | 1 |
| 5 | എസ്. ബി. ഐ. ബാലരാമപുരം | 1 |
| 6 | BSNL | 1 |
| 7 | ബിവറേജ് | 1 |
| 8 | HDFC | 1 |

പ്രസ്തുത അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 24/12.03.2021 ക്ക് ഫോറം നമ്പർ II മാതൃകയിലുള്ള പത്രികയിൽ അപേക്ഷ സമർപ്പിക്കാൻ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നതാണെന്ന മറുപടി നൽകി.

തൊഴിൽ നികുതി ഈടാക്കുന്നതിലും കൃത്യത ഉറപ്പുവരുത്താൻ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1-3-2 എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

വസ്തു നികുതി സോഫ്റ്റ് വെയർ ആയ സഞ്ചയ പ്രകാരം താഴെപ്പറയുന്ന പട്ടിക പ്രകാരമുള്ള സ്ഥാപനങ്ങൾ പഞ്ചായത്തു പരിധിയിൽ പ്രവർത്തനം നടത്തുന്നുണ്ട്.

| ക്രമ നം. | കെട്ടിട ഇനം | കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള ബാങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 31 |
| 2 | ഓഫീസാവിശ്യത്തിനുള്ളവ | 50 |
| 3 | വിദ്യാഭ്യാസാവിശ്യത്തിനുള്ളവ | 43 |
| 4 | ആശുപത്രികൾ | 7 |
| 5 | അസംബ്ലി കെട്ടിടം, കൺവൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമാ തിയേറ്റർ | 12 |
| 6 | വ്യവസായ ആവശ്യത്തിനുള്ളവ- കെത്തറി ഷെഡ്ഡ്, കയർപിരി ഷെഡ്ഡ് | 50 |
| 7 | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 42 |

പട്ടിക പ്രകാരം ഉള്ള എല്ലാ സ്ഥാപനങ്ങൾക്കും പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ 20ലെ ചട്ടം 16(1) പ്രകാരം ജീവനക്കാരുടെ വരുമാനത്തെയോ ശമ്പളത്തെയോ സംബന്ധിച്ച വിവരം ഫോറം I ൽ ആവശ്യപ്പെട്ടിട്ടുണ്ടെന്നാണ് എൻക്വയറി നമ്പർ 18/12.03.2021 ന മറുപടി നൽകിയത്. എന്നാൽ ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്റർ 2019-2020 പ്രകാരം 65സ്ഥാപനങ്ങൾ മാത്രമാണ് പ്രസ്തുത സാമ്പത്തിക വർഷം തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളത്. ഇപ്രകാരം സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന എൻക്വയറി നമ്പർ 18/12.03.2021 തൊഴിൽ നികുതി മുൻകാല പ്രാബല്യത്തോടെ ഈടാക്കുന്നതാണെന്ന മറുപടി നൽകി.

ചട്ടം 18 പ്രകാരമുള്ള ഫോറം III ലുള്ള ഡിമാന്റ് നോട്ടീസ് എല്ലാ സ്ഥാപനങ്ങൾക്കും നൽകിയതിന്റെ ഡ്യൂപ്ലിക്കേറ്റ് സൂക്ഷിച്ചിട്ടില്ല. ഇവയുടെ വിശദാംശങ്ങൾ ചോദിച്ചുകൊണ്ടുള്ള എൻക്വയറി നമ്പർ 18/12.03.2021 ന ഡ്യൂപ്ലിക്കേറ്റ് സൂക്ഷിച്ചിട്ടുണ്ടെന്ന മറുപടി നൽകിയെങ്കിലും അവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), (2) വകുപ്പുകൾ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ഇപ്രകാരം ഗ്രാമപഞ്ചായത്തിലും എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്. തൊഴിൽ നികുതി സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും ക്രമപ്രകാരം പരിപാലിക്കപ്പെടുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ്കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് വരുത്തേണ്ടതാണ്.

1-3-3 നികുതി സമയപരിധിക്കുള്ളിൽ അടച്ചിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ , വകുപ്പ് 205 (2) പ്രകാരം ഓരോ വർഷവും ആഗസ്റ്റ് മാസത്തിന്റേയും ഫെബ്രുവരി മാസത്തിന്റേയും അവസാനത്തിന് മുമ്പ് ഓരോ ആഫീസ് മേധാവിയും തൊഴിലുടമയും, നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തേണ്ടതും അവരിൽ നിന്നും തുക ഈടാക്കേണ്ടതുമാണ്. എന്നാൽ ലഭ്യമാക്കിയിരിക്കുന്ന രജിസ്റ്റർ പ്രകാരം കൂടുതൽ സ്ഥാപനങ്ങളും നികുതി ഈ സമയപരിധിക്കുള്ളിൽ അടച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം | രജിസ്റ്റർ പ്രകാരം നികുതി ഒടുക്കിയ തീയതി |
|---|---|---|---|
| 1 | സ്റ്റേറ്റ് വെയർ ഹൗസ്, പള്ളിച്ചൽ | II | 28/05/2020 |
| 2 | കരൂർ വൈശ്യാ ബാങ്ക്, ബാലരാമപുരം | II | 19/05/2020 |
| 3 | വിക്ടറി വി എച്ച് എസ് എസ് എസ് നേമം | II | 02/03/2020 |
| 4 | പോപ്പുലർ മെഗാ മോട്ടോഴ്സ് പ്രൈ. ലി, | II | 05/03/2020 |
| 5 | യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലി. ബാലരാമപുരം | I | 04/09/2019 |
| 6 | എം എസ് സി എൽ പി എസ് കണ്ണൻകോട് | I | 19/09/2019 |
| 7 | വിക്ടറി വൊക്കേഷണൽ ഹെസ്കൂൾ,നേമം | I | 07/09/2019 |
| | | II | 02/03/2020 |
| 8 | ഗവ, യു പി എസ്, ഭഗവതിനട | II | 03/03/2020 |
| 9 | എസ് ആർ എസ് യു പി എസ്, പള്ളിച്ചൽ | I | 24/09/2019 |
| | | II | 04/03/2020 |
| 10 | വില്ലേജ് ഓഫീസ്, പള്ളിച്ചൽ | I | 25/09/2020 |
| | | II | 11/05/2020 |
| 11 | പള്ളിച്ചൽ ഫാർമേഴ്സ് സർവ്വീസ് കോപ്പററ്റീവ് ബാങ്ക് ലി. | I | 26/09/2019 |
| | | II | 22/05/2020 |
| 12 | ചിന്മയാ വിദ്യാലയം നരുവാമൂട് | I | 28/09/2019 |

ഇപ്രകാരം സ്ഥാപനതൊഴിൽ നികുതി സമയബന്ധിതമായിഅടയ്ക്കുന്നതിൽ 2018-2019 സാമ്പത്തിക വർഷത്തിൽ വീഴ്ച വരുത്തിയ എല്ലാ സ്ഥാപനങ്ങൾക്കും എതിരെ സെക്രട്ടറി 1994 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ , വകുപ്പ് 205 കെ പ്രകാരം സ്വീകരിച്ച നടപടി ക്രമങ്ങളെപ്പറ്റിയുള്ള വിശദാംശങ്ങളും സ്ഥാപനങ്ങളുടെ പട്ടികയും അനുബന്ധ രേഖകളും ഇവയുടെ വിശദാംശങ്ങൾ ചോദിച്ചുകൊണ്ടുള്ള എൻക്വയറി നമ്പർ 18/12.03.2021 ന സമയബന്ധിതമായി നികുതി ഒടുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃതമായി പിഴപലിശ സഹിതം ഈടാക്കിട്ടുണ്ടെന്ന മറുപടി നൽകി.

സ്ഥാപനങ്ങളിൽ നിന്നും സമയബന്ധിതമായി നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 23111609 | 23111609 | 19501114 | 3610495 | ACR പ്രകാരമുള്ള ചെലവ് |
| വികസനഫണ്ട് (എസ്.സി.പി) | 0 | 15563176 | 15563176 | 1142411 | 4139059 | ACR പ്രകാരമുള്ള ചെലവ് |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 173000 | 173000 | 0 | 0 | ചെലവില്ല |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 23037679 | 23037679 | 8998126 | 14039553 | ACR പ്രകാരമുള്ള ചെലവ് |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 42790000 | 42790000 | 17941352 | 24848648 | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 7308000 | 7308000 | 5385725 | 1922275 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | | |
| ശുചിത്വ മിഷൻ | 1941800 | 96000 | 2037800 | 1153596 | 884204 | |
| കേന്ദ്രാവിഷ്കൃത ഫണ്ട്(ഇനം തിരിച്ച്) | | | | | | |
| എൻ.ആർ.ഇ.ജി.എ | 13794 | 1379854 | 1393648 | 1124472 | 269176 | |
| ഐ.സി.ഡി.സ് | 3256477 | 615315 | 3871792 | 428467 | 3443325 | |
| മറ്റ് ഗ്രാന്റുകൾ, അവാർഡുകൾ | 126500 | 43776514 | 43903014 | 42021414 | 1881600 | |

## 1-4-1 വികസന ഫണ്ടിന്റെ മേഖല വകയിരുത്തലും പ്രത്യേക പദ്ധതികളുടെ വിഹിതം നിശ്ചയിക്കല്ും -വനിതഘടക പദ്ധതി-വകയിരുത്തലിൽ കുറവ്

വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പദ്ധതി മാർഗ്ഗരേഖ 20.01.2018 ലെ സ.ഉ(കൈ)നം 11/2018 തസ്വഭവ 5.4.1(8) പ്രകാരം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയിൽ നിന്നും ഏറ്റവും കുറഞ്ഞത് 10% വനിതഘടക പദ്ധതിയിക്ക് വകയിരുത്തേണ്ടതാണ്. എന്നാൽ പള്ളിച്ചൽഗ്രാമപഞ്ചായത്തിൽ 2019-20 വർഷം ഇത്തരത്തിലുള്ള വകയിരുത്തലുകൾ നടന്നിട്ടില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | അടങ്കൽ(രൂ) | ചെലവ്(രൂ) |
|---|---|---|
| പശു വളർത്തൽ (വനിത) | 2530000 | 1650000 |
| ആട് വളർത്തൽ (വനിത) | 1466011 | 1168000 |
| പച്ചക്കറി കൃഷി (വനിത) | 322500 | 37500 |
| ക്ഷീര സമൃതി പാലിനു സബ്സിഡി (വനിത) | 300000 | 300000 |
| പശു വളർത്തൽ (വനിത) | 27500 | 27500 |
| ആട് വളർത്തൽ (വനിത) | 72000 | 72000 |
| ആട് വളർത്തൽ (വനിത) | 20000 | 20000 |
| ആകെ | 4768011 | 3275000 |
| ശതമാനം | 8.05% (വികസന ഫണ്ട് അടങ്കൽ 59181473/-) | |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 6/2021 നുള്ള മറുപടി തൃപ്തികരമല്ല. വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയിൽ നിന്നും ഏറ്റവും കുറഞ്ഞത് 10% വനിതഘടക പദ്ധതിയിക്ക് വകയിരുത്തണമെന്നാണ് നിർദ്ദേശം.

പദ്ധതി മാർഗ്ഗരേഖ 20.01.2018 ലെ സ.ഉ(കൈ)നം 11/2018 തസ്വഭവ 5.4.1(8) പ്രകാരമുള്ള വകയിരുത്തലുകൾ നടത്തുവാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-4-2 സംയുക്ത പ്രോജക്റ്റുകൾക്കായി ചെലവഴിക്കാത്ത തുകകൾ തനതു ഫണ്ടിൽ അവശേഷിക്കുന്നു

23.01.2017 ലെ ജി.ഒ(പി) നം 7/2017 ഉത്തരവ് പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്കായി ചെലവഴിക്കാത്ത തുകകൾ തിരികെ അവ അനുവദിച്ച തദ്ദേശസ്ഥാപനത്തിൽ ഒടുക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽഗ്രാമപഞ്ചായത്ത് പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | അവശേഷിക്കുന്ന തുക (രൂ) |
|---|---|
| സംയുക്ത പ്രോജക്റ്റ്-ബ്ലോക്ക് പഞ്ചായത്ത് | 33,44,396/- |
| സംയുക്ത പ്രോജക്റ്റ്-ജില്ലാ പഞ്ചായത്ത് | 18,104/- |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 1 /2021 (4) നുള്ള മറുപടിയിൽ മേൽ പദ്ധതികൾ നടപ്പിലാക്കാത്തതിനാലാണ് തുകകൾ അവശേഷിക്കുന്നതെന്ന് അറിയിച്ചിരിക്കുന്നു.

മുൻ വർഷങ്ങളിലെ തുക കൂടിയുൾപ്പെട്ട തുകയാണ് നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത്.പ്രസ്തുത തുകകൾ അവ അനുവദിച്ച തദ്ദേശസ്ഥാപനത്തിൽ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-5 ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 6,17,660/- | ലഭ്യമല്ല. |
| കർഷകതൊഴിലാളി പെൻഷൻ | 23,25,600/- | 800 |
| വിധവാപെൻഷൻ | 1,24,30,800/- | 4220 |
| വാർദ്ധക്യകാലപെൻഷൻ | 2,27,96,400/- | 7706 |
| വികലാംഗപെൻഷൻ | 31,64,400/- | 1062 |
| വിധവകളുടെ പെൺമക്കൾക്കുള്ളധനസഹായം | -- | -- |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 3,42,600/- | 118 |

## 1-5-1 തൊഴിൽ രഹിത വേതന രജിസ്റ്റർ അപൂർണ്ണം

1) രജിസ്റ്ററിൽ ഫോട്ടോ, അപേക്ഷകന്റെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | റോൾ നമ്പർ | പേര് | ജനനതീയതി | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 3320 | അശ്വതി എൽ | 12/05/1995 | വിതരണ വിവരം ലഭ്യമല്ല. |
| 2 | 3322 | അഞ്ജുരാജ് ആർ | 29/05/1994 | മേൽവിലാസം ലഭ്യമല്ല. |
| 3 | 3324 | അഖില രാജ് | 25/05/1995 | ഫോട്ടോ ഇല്ല. |
| 4 | 3325 | ശരണ്യ എം | 15/01/1993 | വിതരണ വിവരം ലഭ്യമല്ല. |

2) രജിസ്റ്ററിൽ ജനനതീയതി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ അപേക്ഷകൻ പ്രായപരിധിയിൽ ഉൾപ്പെട്ട വ്യക്തിയാണോയെന്ന പരിശോധിക്കാനായിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | റോൾ നമ്പർ | പേര് |
|---|---|---|
| 1 | 3329 | അഞ്ജു സി എസ് |
| 2 | 3330 | മുബീന എം എൻ |
| 3 | 3332 | സന്ധ്യാമോൾ എസ് |
| 4 | 3334 | നാസില ആർ |

പ്രസ്തുത അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 44/17.03.2021 ന മറുപടി ലഭ്യമാക്കിയില്ല. രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കപ്പെടുന്നുണ്ടെന്ന് സെക്രട്ടറി കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

1-5-2 കേരള കർഷക തൊഴിലാളി പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.

കേരള കർഷക തൊഴിലാളി പെൻഷൻ ചട്ടങ്ങൾ പ്രകാരം, അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം പെൻഷൻ അനുവദിക്കേണ്ടതാണ് (ചട്ടം 7 ബി). എന്നാൽ 2019-2020 സാമ്പത്തിക വർഷം താഴെപ്പറയുന്ന അപേക്ഷകളിന്മേൽ ഈ സമയപരിധി പാലിക്കപ്പെട്ടിട്ടില്ല. ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം ക്രമ നമ്പർ 7 ആയി താഴെപ്പറയുന്ന പട്ടികയിൽ പറഞ്ഞിട്ടുള്ള അപേക്ഷയിൽ ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല.

| ക്രമ നം | ഫയൽ നം | പേര് | അന്വേഷണത്തിന നൽകിയ തീയതി | തിരികെ ലഭിച്ച തീയതി |
|---|---|---|---|---|
| 1 | 3177/19 Dtd 11/04/2019 | പി ലീല | 27/06/2019 | 01/08/2019 |
| 2 | 3512/19 Dtd 24/04/2019 | ഇന്ദിര കുമാരി സി ജി | 27/06/2019 | 01/08/2019 |
| 3 | 6124/19 Dtd 09/07/2019 | ബി ലളിത | 21/08/2019 | 04/01/2020 |
| 4 | 6653/19 Dtd 23/07/2019 | ദിലീപ് കുമാർ | 21/08/2019 | 04/01/2020 |
| 5 | 3020/19 Dtd 03/05/2019 | ലീല സി | 27/06/2019 | 01/08/2019 |
| 6 | 8523/19 Dtd 25/09/2019 | രാധ എസ് | 03/10/2019 | 04/01/2020 |
| 7 | 9656/19 Dtd 31/10/2019 | വത്സല എൻ | വിവരങ്ങൾ ലഭ്യമല്ല | വിവരങ്ങൾ ലഭ്യമല്ല |

ലഭ്യമാക്കിയ രജിസ്റ്ററുകൾ പരിശോധിച്ചതിൽ പല അപേക്ഷകളിലും നടപടി സ്വീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. 2019-20 വർഷത്തെ സ്ഥാപനത്തിന്റെ കർഷക സാമൂഹ്യക്ഷേമ പെൻഷൻ രജിസ്റ്ററുകൾ, പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ, തീരുമാന തീയതി, അന്വേഷണം കഴിഞ്ഞ് തിരികെ ലഭിച്ച തീയതി, സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം നമ്പർ/തീയതി, പെൻഷൻ അനുവദിച്ചുവോ / നിരസിച്ചുവോ എന്നിവ രേഖപ്പെടുത്താതെയാണ് പരിപാലിച്ചിട്ടുള്ളത്.

ഇത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (04/10.03.2021) പ്രസ്തുത അപേക്ഷകളിൽ കൃഷി ഓഫീസർ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ച് ഉടർന്നുള്ള ക്ഷേമ കമ്മിറ്റിയും ജനറൽ കമ്മറ്റിയും അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ പെൻഷൻ അനുവദിക്കാൻ സാധിക്കുകയുള്ളൂ എന്നാണ് മറുപടി ലഭ്യമാക്കി. കൂടാതെ മേല്പറഞ്ഞ അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുള്ളവതാണെന്നും അറിയിച്ചു.

അപേക്ഷകൾ തീർപ്പാക്കുന്നതിൽ കേരള കർഷക തൊഴിലാളി പെൻഷൻ ചട്ടം 7 ബി പ്രകാരം ഉള്ള സമയക്രമം പാലിച്ച്, കർഷകർക്ക് അർഹമായ ധനസഹായം താമസം വിനാ ലഭ്യമാക്കുന്ന എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഇപ്രകാരം ഉണ്ടാകുന്ന കാലതാമസം കേരള കർഷക തൊഴിലാളി പെൻഷൻ പദ്ധതിയുടെ ലക്ഷ്യപ്രാപ്തിയെ തന്നെ സാരമായി ബാധിക്കുന്നു. പെൻഷൻരജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

പ്രസ്തുത അപാകത ഉടനെ പരിഹരിക്കുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

1-5-3 വിവാഹധനസഹായ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.

താഴെപ്പറയുന്ന വിവാഹധനസഹായ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | ഫയൽ നം | പേര് | ഐ. സി. ഡി. എസിന നൽകിയ തീയതി | തിരികെ ലഭിച്ച തീയതി |
|---|---|---|---|---|
| 1 | 755/19 Dtd 29/01/2019 | ബി ശാന്ത | 27/06/2019 | 12/07/2019 |
| 2 | 4079/19 Dtd 09/05/2019 | തങ്കമണി | 27/06/2019 | 12/07/2019 |

ഇത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (04/10.03.2021) പ്രസ്തുത അപേക്ഷകൾ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ടെന്ന മറുപടി നൽകി. രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

മേല്പറഞ്ഞ അപാകം ഉടനെ പരിഹരിക്കുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

1-5-4 ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.

ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ മാനദണ്ഡങ്ങൾ പ്രകാരം, അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം പെൻഷൻ അനുവദിക്കേണ്ടതാണ്. എന്നാൽ 2019-2020 സാമ്പത്തിക വർഷത്തിൽ ലഭ്യമായ അപേക്ഷകളിന്മേൽ ഈ സമയപരിധി പാലിക്കപ്പെട്ടിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നം | പേര് | ഐ സി ഡി എസിനു നൽകിയ തീയതി | തിരികെ ലഭിച്ച തീയതി | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 3139/19 Dtd 04/04/2019 | വിമല പി | 27/06/2019 | 12/07/2019 | അർഹതയുണ്ട് |
| 2 | 3903/19 Dtd 06/05/2019 | ഉഷകുമാരി ഒ | 27/06/2019 | 12/07/2019 | അർഹതയുണ്ട് |
| 3 | 4595/19 Dtd 22/05/2019 | ശാലിനി സി | 27/06/2019 | 12/07/2019 | നിരസിച്ചു |
| 4 | 9445/19 Dtd 24/10/2019 | പി പ്രസന്ന | 05/02/2019 | 18/01/2020 | തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. |
| 5 | 2052/20 Dtd 29/02/2020 | അനിത റ്റി | 30/04/2020 | 11/05/2020 | അർഹതയുണ്ട് |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (04/10.03.2021) പ്രസ്തുത അപേക്ഷകൾ അംഗീകരിച്ചു, പെൻഷൻ അനുവദിച്ചിട്ടുണ്ടെന്നും ആയതു രജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും അറിയിച്ചു. രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

മേല്പറഞ്ഞ അപാകം ആവർത്തിക്കാതിരിക്കാൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും, നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

1-5-5 വികലാംഗ പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.

വികലാംഗ പെൻഷൻ മാനദണ്ഡങ്ങൾ പ്രകാരം, അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം പെൻഷൻ അനുവദിക്കേണ്ടതാണ് . എന്നാൽ 2019-2020 സാമ്പത്തിക വർഷത്തിൽ ലഭ്യമായ പല അപേക്ഷകളിലും ഈ സമയപരിധി പാലിക്കപ്പെട്ടിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നം | പേര് | മെഡിക്കൽ ഓഫീസറിനു നൽകിയ തീയതി | തിരികെ ലഭിച്ച തീയതി | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 6091/19 Dtd 09/07/2019 | സജികുമാർ എം | 30/08/2019 | രേഖപ്പെടുത്തിയിട്ടില്ല | നടപടി സ്വീകരിച്ചിട്ടില്ല. |
| 2 | 6328/19 Dtd 16/07/2019 | എൽ കാവേരി | 30/08/2019 | രേഖപ്പെടുത്തിയിട്ടില്ല | നടപടി സ്വീകരിച്ചിട്ടില്ല. |
| 3 | 7664/19 Dtd 21/08/2019 | വീരഭദ്രൻ വി | 30/08/2019 | രേഖപ്പെടുത്തിയിട്ടില്ല | നടപടി സ്വീകരിച്ചിട്ടില്ല. |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (04/10.03.2021) പ്രസ്തുത അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകളിന്മേൽ ഹെൽത്ത് ഇൻസ്പെക്ടർ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. അപേക്ഷ തീർപ്പാക്കുന്ന ഏതൊരു ഘട്ടത്തിലെയും കാലതാമസം ഒഴിവാക്കേണ്ടതാണ്.

മേല്പറഞ്ഞ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

1-6 കെട്ടിട പെർമിറ്റ് നൽകിയതിൽ സമയപരിധി പാലിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 14, GO(P)81/2017, LSGD Dtd 31.10.2017, എന്നിവ പ്രകാരം സൈറ്റ് പ്ലാനിന്റെ അംഗീകാരത്തിനുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ 30/15 ദിവസങ്ങൾക്കുള്ളിൽ സെക്രട്ടറി രേഖാമൂലമുള്ള ഉത്തരവിൻ പ്രകാരം സൈറ്റ് പ്ലാൻ അംഗീകരിക്കുകയോ, തക്കതായ കാരണമുണ്ടെ നിരാകരിക്കുകയോ ചെയ്യേണ്ടതും, പ്രസ്തുത വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.
എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ കെട്ടിട പെർമിറ്റ് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ മേൽ നിർദ്ദേശം പാലിക്കുകയോ, ആയതിനു കാരണം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്ന് കണ്ടു.ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നം/ തീയതി | അപേക്ഷകന്റെ പേര്/വാർഡ് നം | ബിൽഡിംഗ് ടൈപ്പ് | പെർമിറ്റ് അനുവദിച്ച തീയതി |
|---|---|---|---|---|
| 1 | 11996/19 21.12.2019 | അരവിന്ദ്.എം/8 | റെസിഡൻഷ്യൽ | 29.01.2020 |
| 2 | 12066/19 23.12.2019 | കൃഷ്ണകുമാർ/6 | റെസിഡൻഷ്യൽ | 28.01.2020 |
| 3 | 11993/19 21.12.2019 | പ്രസന്നകുമാരി .കെ/2 | റെസിഡൻഷ്യൽ | 14.02.2020 |
| 4 | 11502/19 10.12.2019 | മുരുകൻ .എസ്/4 | റെസിഡൻഷ്യൽ | 27.01.2020 |
| 5 | 11616/19 13.12.2019 | വിക്രമൻ നായർ/7 | റെസിഡൻഷ്യൽ | 23.01.2020 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.42/2021 നുള്ള മറുപടിയിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നുള്ള കാലതാമസമാണ് പെർമിറ്റ് നൽകുന്നതിനുള്ള കാലതാമസത്തിന് ഇടയാക്കിയതെന്ന് അറിയിച്ചിരിക്കുന്നു. സമയബന്ധിതമായി ഫയലുകൾ തീർപ്പാക്കുവാൻ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിനു ജനറൽ കമ്മിറ്റിക്ക് നിർദ്ദേശം നൽകാവുന്നതാണ്.
കെട്ടിട നിർമ്മാണങ്ങൾക്കുള്ള പെർമിറ്റ് അനുവദിക്കുന്നതിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുവാൻ സെക്രട്ടറി ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-7 റേഷൻ കടകൾ,മാവേലി സ്റ്റോർ എന്നിവയിൽ നിന്നും തൊഴിൽ നികുതി,ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിവരം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ്എൻക്വയറി നം 11 (III)നുള്ള മറുപടി ഹാജരാക്കിയിട്ടില്ല.

സർക്കുലർ നം 22/01/2019 (CS)A9/764/2019 നമ്പർ സർക്കുലർ പ്രകാരം റേഷൻ കടകളെ തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവ ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടില്ല. അതിനാൽ അവയിൽ നിന്നും അർഹമായ നികുതി ഈടാക്കി, പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

മാവേലി സ്റ്റോർ

സർക്കലർ നം 19577/L2/97/തസ്വഭവ തീയതി 24.10.2000 പ്രകാരം മാവേലി സ്റ്റോറുകളെ തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടില്ല. അതിനാൽ അവയിൽ നിന്നും അർഹമായ നികുതി ഈടാക്കി, തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-8 MGNREGS പദ്ധതിയുടെ വിശദാംശങ്ങൾ

2019-2020 സാമ്പത്തിക വർഷത്തെ MGNREGS പദ്ധതിയുടെ സാമ്പത്തിക വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 13794 | 1379854 | 1393648 | 1124472 | 269176 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 50285000 | 50285000 | 50285000 | |
| ആകെ | 13794 | 51664854 | 51678648 | 51409472 | 269176 |

## 1-8-1 MGNREGS – ന്റെ പ്രവർത്തനം അവലോകനം

2019- 2020 സാമ്പത്തികവർഷത്തെ NREGS – ന്റെ പ്രവർത്തനത്തെ സംബന്ധിച്ച് നൽകിയഓഡിറ്റ് എൻക്വയറി 19/12.03.2021ന ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2019-20സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 303 |
| 2019-20സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | 3261 |
| 2019-20സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3831 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 566 |
| തൊഴിൽകാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | ഇല്ല |
| 15 ദിവസത്തിനകം തൊഴിൽ നല്കാനാകാതെ തൊഴിൽരഹിതവേതനം നല്കേണ്ടി വന്നവ | ഇല്ല |
| ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | ഇല്ല |
| 14 ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവർ | ഇല്ല |
| ഗ്രാമപഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 395 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 395 |
| ആവശ്യമായ തൊഴിൽദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ | 395 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 23 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 23 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം | 23 |
| ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 1435 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 468 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 430 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ | 180298 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 180298 |
| പരാതിരജിസ്റ്റർ പരിപാലനം | ഉണ്ട് |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ | ഉണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | ഉണ്ട് |
| അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | ഇല്ല |
| ആസ്തിരജിസ്റ്റർ | ഉണ്ട് |
| ലേബർ കംബോണന്റ് | 497.81 |
| മെറ്റീരിയൽ കംബോണന്റ് | 14.85 |
| ആകെ വരവ് | 512.66 |
| ആകെ ചെലവ് | 512.66 |

| തൊഴിൽദിനങ്ങൾ | തൊഴിൽകാർഡ് ഉടമകളുടെ എണ്ണം |
|---|---|
| 100 ദിനങ്ങൾ | 566 |
| 80-99 | 374 |
| 70-79 | 149 |
| 60-69 | 101 |
| 50-59 | 64 |
| 50 ൽ താഴെ | 452 |

## 1-9 ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹിച്ച പദ്ധതികളിലെ അപാകങ്ങൾ

2019 – 20 സാമ്പത്തിക വർഷം ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹിച്ച പദ്ധതികളിൽ ചുവടെചേർക്കുന്ന അപാകങ്ങളുണ്ട്. വരും വർഷങ്ങളിൽ ബന്ധപ്പെട്ട കമ്മിറ്റികളുടെ സഹായത്തോടെ കുറ്റമറ്റവിധം പദ്ധതികൾ നടപ്പിലാക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഇക്കാര്യത്തിൽ എല്ലാ വാർഡു മെമ്പർമാരും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പഞ്ചായത്ത് ഭരണസമിതിയും ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-9-1 അങ്കണവാടികളുടെയും ബന്ധപ്പെട്ട കമ്മിറ്റികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്

1.ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ണ്ഡിക 3.3.3.l പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ് ), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 25/12.03.2021 ന് നല്കിയ മറുപടിയിൽ ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിച്ചിട്ടില്ലായെന്നും 2021 – 22 വർഷം പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിക്കാനാവശ്യമായ സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ സവിശേഷ ശ്രദ്ധ പുലർത്തേണ്ടതാണ്.

2.അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.3.4. പ്രകാരം വാർഡ് മെമ്പർ ചെയർപേഴ്സണായും അങ്കണവാടി വർക്കർ കൺവീനറായും എ.ഡി. എസ്. ലെ രണ്ട് പേർ, ആശാവർക്കർ, സമൂഹത്തിലെ മറ്റുള്ളവർ എന്നിവരെ ചേർത്ത് അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി എല്ലാ അങ്കണവാടികളിലും രൂപീകരിക്കുകയും ,മാസത്തിലൊരിക്കൽ എന്ന കണക്കിൽ അവയുടെ യോഗം ചേരേണ്ടതുമാണ്. 2019 – 20 ൽ ഗ്രാമപ്പഞ്ചായത്തിലെ 39 അങ്കണവാടികളിലുമായി ആകെ 468 യോഗങ്ങൾ (39 X 12 = 468) ചേരേണ്ടതുണ്ടായിരുന്നെങ്കിലും ആകെ 188 യോഗങ്ങൾ മാത്രമേ ചേർന്നിട്ടുള്ളുവെന്ന് ഓഡിറ്റ് എൻക്വയറി നം 25/12.03.2021 ന് മറുപടി നല്കിയിട്ടുണ്ട്. അങ്കണവാടികളുടെ കുറ്റമറ്റ പ്രവർത്തനത്തിന് ഈ കമ്മിറ്റികളുടെ പ്രവർത്തനം അത്യന്താപേക്ഷിതമാണ്. ആയതിനാൽ സർക്കാർ ഉത്തരവനുസരിച്ച് അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി മാസത്തിലെരിക്കൽ യോഗം ചേരാൻ ആവശ്യമായ നടപടികൾ വാർഡ് മെമ്പർ, അങ്കണവാടി വർക്കർ എന്നിവർ സ്വീകരിക്കേണ്ടതും ഐ സി ഡി എസ് സൂപ്പർവൈസർ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ ഈ യോഗങ്ങൾ കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-9-2 അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

അങ്കണവാടികളിൽ 02.06.2017 ലെ സർക്കാർ ഉത്തരവ് നം.1830/2017/തസ്വഭവ ഖണ്ഡിക 3.2.1,3.2.2, 3.2.3,3.4.2.,3.4.3. എന്നിവയിൽ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങൾ ഇല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപാകം | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 19 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 19 |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 1 |
| 4 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 39 |

| | | |
|---|---|---|
| 5 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 39 |
| 6 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 39 |
| 7 | വൈദ്യുതി ഇല്ലാത്തവ | 1 |
| 8 | സൂപ്പർവൈസറുടെ ഫോൺനമ്പറോട്ടുകൂടിയ നെയിം ബോർഡില്ലാത്തവ | 39 |
| 9 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 39 |
| 10 | വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ | 39 |
| 11 | നോട്ടീസ് ബോർഡ് ഇല്ലാത്തവ | 39 |
| 12 | പരാതിപ്പെട്ടി ഇല്ലാത്തവ | 39 |

കൂടാതെ, 02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.2.3 Xi. F, Gഎന്നിവ പ്രകാരം വർഷത്തിലൊരിക്കൽ കിണർ വൃത്തിയാക്കാനും മാസത്തിലൊരിക്കൽ ജലസംഭരണി വൃത്തിയാക്കാനും നടപടിക സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 25/12.03.2021 ന് നല്കിയ മറുപടിയിൽ ഇത് സംബന്ധിച്ച കൃത്യമായ രേഖപ്പെടുത്തലില്ല. സർക്കാർ നിർദ്ദേശാനുസരണം വർഷത്തിലൊരിക്കൽ കിണർ വൃത്തിയാക്കാനും മാസത്തിലൊരിക്കൽ ജലസംഭരണി വൃത്തിയാക്കാനും ആവശ്യമായ നടപടികൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ടതാണ്.

## 1-9-3 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അങ്കണവാടികളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 4.2.1. പ്രകാരം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതികളുടെ നിർവ്വഹണം, അങ്കണവാടികളുടെ പ്രവർത്തനം എന്നിവ മോണിറ്റർ ചെയ്യുകയും ഭാവിയിയിലെ വികസനത്തിനായി പദ്ധതികൾ തയ്യാറാക്കുകയും അങ്കണവാടികളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുകയും ചെയ്യണം. 2019 –2020 ൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇത്തരം കാര്യങ്ങൾ നിർവ്വഹിച്ചതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊടുത്ത ഓഡിറ്റ് എൻക്വയറി നം 25/12.03.2021 ന് ലഭ്യമാക്കിയ മറുപടിയിൽ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കാനാവശ്യമായ നടപടികൾ മുൻവർഷങ്ങളിൽ സ്വീകരിച്ചിട്ടുള്ളതിനാലാണ് പ്രസ്തുത സാമ്പത്തികവർഷം ഈ മേഖലയിൽ പുതിയ പദ്ധതികൾ ഉൾപ്പെടുത്താത്തതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ ഖണ്ഡിക പ്രകാരം ഗ്രാമപ്പഞ്ചായത്തിലെ അങ്കണവാടികളിൽ ഭൗതികസാഹചര്യം മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് വ്യക്തമാണ്. ആയതിനാൽ അങ്കണവാടികളിൽ ഭൗതികസാഹചര്യം മെച്ചപ്പെടുത്താനാവശ്യമായ നടപടികൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിക്കേണ്ടതാണ്.

## 1-9-4 പൂരകപോഷകാഹാരപദ്ധതി മെച്ചപ്പെടുത്തേണ്ടതാണ്

ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 6 മാസം മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവർക്കായാണ് ഈ പദ്ധതി നടപ്പാക്കുന്നത്. 2019 – 20 ൽ പൂരക പോഷകാഹര പദ്ധതിയുടെ ആനുകൂല്യം അർഹരായ എല്ലാവർക്കും ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു. പദ്ധതിയുടെ ആനുകൂല്യം അർഹരായ എല്ലാവർക്കും ആവശ്യമായ അളവിൽ ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | | 6 മാസം മുതൽ 3 വയസ്സുവരെ | 3 വയസ്സ് മുതൽ 6 വയസ്സ് വരെ | കൗമാര ക്കാരായ പെൺ കുട്ടികൾ | മുലയൂട്ടുന്ന അമ്മമാർ | ഗർഭി ണികൾ |
|---|---|---|---|---|---|---|
| 1 | 2019 ഏപ്രിലെ സർവ്വേ പ്രകാരമുള്ള ഗുണഭോക്താക്കൾ | 1102 | 1234 | 2461 | 181 | 225 |
| 2 | 2019-20ൽ അങ്കണ വാടിയിൽ രജസ്റ്റർ ചെയ്ത ഗുണഭോ ക്താക്കൾ | 1102 | 1234 | 2461 | 181 | 225 |
| 3 | 2019-20ൽ പൂരക പോഷകാ ഹാരം വാങ്ങിയത് എത്ര പേർക്ക് വേണ്ടി എന്നത് | 424 | 257 | 48 | 162 | 169 |

## 1-10 വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ-അപാകതകൾ

2019- 2020 സാമ്പത്തിക വർഷത്തെ വ്യാപാരങ്ങൾ ക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

## 1-10-1 FTEAOS Licence അപേക്ഷകളിൽ മൂലധനത്തുകയോ ദിവസേനയുള്ള വിറ്റുവരവോ രേഖപ്പെടുത്തിക്കാണുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് D&O Licence ചട്ടങ്ങൾ,(Issue Of Licence To Factories, Trades, Entrepreneurship Activities And Other Services) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം പട്ടിക II അനുശാസിക്കുന്ന ഫീസ് ഈടാക്കേണ്ടതുണ്ട്. എന്നാൽ വിവിധ അപേക്ഷകളിൽ മൂലധനത്തുകയോ ,ദിവസേനയുള്ള വിറ്റുവരവോ രേഖപ്പെടുത്തിക്കാണുന്നില്ല. പ്രസ്തുത വിവരങ്ങളുടെ അഭാവത്തിൽ ലൈസൻസ് ഫീസ് നിർണയിച്ചത് എങ്ങനെയെന്ന് ബന്ധപ്പെട്ട രേഖകളിൽ നിന്ന് വ്യക്തമല്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) അപേക്ഷയിൽ വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല

| ക്രമ നമ്പർ | അപേക്ഷന്റെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | ശ്രീജിത്ത് സി ബി | തിരുവാതിര ബേക്കറി & ഫ്രൂട്ട്സ് |
| 2 | നാസുറുദ്ദീൻ എസ് എ | ഷാൻ ബേക്കറി |

2) ലൈസൻസ് ഫീസ് നിർണയിച്ചത് എങ്ങനെയെന്ന് വ്യക്തമല്ല. വിറ്റുവരവും ഈടാക്കിയ തുകയും ചില ഉദാഹരണങ്ങളായി താഴെ നൽകുന്നു.

| ക്രമ നമ്പർ | അപേക്ഷന്റെ പേര്,സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിറ്റുവരവ് | ഈടാക്കിയ തുക |
|---|---|---|---|
| 1 | വിമൽ കുമാർ, ക്യാപ്പിറ്റൽ ബോഡി ഷോപ്പ് & സ്പ്രേ പെയിന്റിംഗ് | 1000/- | 1000/- |
| 2 | ശാന്തി കെ, അവിട്ടം കമ്മ്യൂണിക്കേഷൻസ് | 300/- | 300/- |
| 3 | ശ്യാമ കെ, അലങ്കാർ ജനറൽ സ്റ്റോർ | 2000+ | 500/- |
| 4 | സുനിൽകുമാർ എസ്, അമ്മ ഡോർസ് | 1000/- | 500/- |
| 5 | ശ്യാം ചന്ദ്രൻ, അശ്വിനം എന്റർപ്രൈസസ് | 4000/- | 500/- |

3) അപേക്ഷയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | അപേക്ഷന്റെ പേര്/സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | മഹനീയം ജനറൽ സ്റ്റോർ |
| 2 | അലങ്കാർ മെഡിക്കൽ ഡയഗണോസ്റ്റിക് സെന്റർ |
| 3 | സുരേഷ് എൽ കുമാർ, ശ്രീകൃഷ്ണാ ടെക്സ്റ്റയിൽസ് |
| 4 | മണിനായർ, ഗൗരി ശങ്കരം ബേക്കറി |
| 5 | സുരേഷ് കുമാർ എൻ, ശാന്താ പവർ ഹൗസ് |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 43ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ചട്ടം അനുശാസിക്കും പ്രകാരമുള്ള വിവരങ്ങൾ അപേക്ഷയിൽ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അതിൻപ്രകാരമുള്ള ശരിയായ ഫീസ് ഈടാക്കി, പഞ്ചായത്തിന്റെ വരുമാനം ഉറപ്പുവരുത്തേണ്ടതുമാണ്

## 1-11 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.03.2021ന പഞ്ചായത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ ഉച്ചതിരിഞ്ഞ് 4.20ന നടത്തുകയുണ്ടായി. പരിശോധനയിൽ 25638/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-12 കാർഷിക മേഖലയിൽ നടപ്പാക്കിയ പ്രവൃത്തികൾ-സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമല്ല

2019-20 സാമ്പത്തിക വർഷം കാർഷിക മേഖലയിൽ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ മുൻഗണനാ പ്രകാരം നടപ്പിലാക്കേണ്ട പദ്ധതികൾ അല്ല സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിരിക്കുന്നത്. കാർഷിക മേഖലയിലെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം നടപ്പിലാക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ജലലഭ്യക്കുറവ് സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗുരുതരമാണ്.ആയത് പരിഹരിക്കുവാൻ ഗ്രാമപഞ്ചായത്ത് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും 10% മാത്രമെ പൂർത്തീകരിച്ചിട്ടുള്ളു.

2. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 2019-20 ൽ തരിശുനില കൃഷിക്ക് മുൻഗണന നൽകിയിരുന്നു.സുഭിക്ഷ കേരളം പദ്ധതി (360/19-20) അംഗീകരിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യപ്തത മൂലം നടപിപ്പിലാക്കിയിട്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3.ഏല്ലാ വീട്ടുവളപ്പിലും കൃഷി-2019-20 ൽ കൈവരിക്കേണ്ട ലക്ഷ്യം 80%-90% കൈവരിക്കാൻ കഴിഞ്ഞതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

4.വിള ഉൽപ്പാദനം 2019-20 ൽ 80% കൈവരിക്കാൻ സാധിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

5.നിലവിൽ നെൽവിളയുടെ വിസ്തൃതി 1 ഹെക്ടറിൽ നിന്നും 4 ഹെക്ടർ ആയി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കാർഷിക മേഖലയിലെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പദ്ധതികൾ നടപ്പിലാക്കുവാൻ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പഞ്ചായത്ത് കമ്മിറ്റിയും ശ്രദ്ധിക്കാതിരുന്നത് വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.ടി വിഷയത്തിന്മേൽ 12.03.2021 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.15ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.പദ്ധതികൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിന് അത്യാവശ്യമായ രേഖകൾ തയ്യാറാക്കാൻ വേണ്ട നടപടികൾ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽ നോട്ടത്തിൽ നിർവ്വഹിക്കേണ്ടതാണ്.വീഴ്ചകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 പദ്ധതി ചെലവ് രേഖകളുടെ അഭാവം-79923/-രൂപ തടസ്സം ചെയ്യുന്നു.

2019-20 സാമ്പത്തിക വർഷം ഹെഡ്മാസ്റ്റർ,ഗവ.എൽ.പി.സ്കൂൾ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന സ്പിൽ ഓവർ പദ്ധതികളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം | പ്രോജക്ട് പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നം |
|---|---|---|---|---|---|
| 1 | SO 338/19-20 | സ്കൂളുകളിൽ ഷീപാഡ് പദ്ധതി | 97,027 | 26,905 | 11/19-20/18.01.20 |
| 2 | SO 339/19-20 | സർക്കാർ സ്കൂളുകൾക്ക് ലാപ് ടോപ്പ് വാങ്ങൽ | 98,700 | 27,850 | 5/19-20/20.08.19 |
| 3 | SO 342/19-20 | നാപ്കിൻ വെൻഡിംഗ് മെഷീൻ ഇൻസിനേറ്റർ | 1,00,000 | 25,168 | ലഭ്യമല്ല |
| | | ആകെ | 295727 | 79923 | |

മേൽ പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കാൻ 10.03.2021ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.9 നുള്ള മറുപടിയിൽ ഓഫീസിൽ തുക കൈമാറിയപ്പോൾ ലഭിക്കേണ്ട ബിൽ ലഭിച്ചിട്ടില്ലെന്നും, കിട്ടുന്ന മുറയ്ക്ക് ആയത് ഹാജരാക്കാം എന്ന് അറിയിച്ചിരിക്കുന്നു. പ്രസ്തുത മറുപടി തൃപ്തികരമല്ല. മതിയായ ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-14 സ്കൂളുകൾക്ക് ഫർണിച്ചർ-അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| പദ്ധതി | സ്കൂളുകൾക്ക് ഫർണിച്ചർ |
| പദ്ധതി നം. | SO 337/19-20 |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ,ഗവ.എൽ.പി.സ്കൂൾ |
| അടങ്കൽ | 4,00,000/- (റോഡിതരം) |
| ചെലവ് തുക | 3,52,200/- |
| ബിൽ നം. | 3/19-20 തീയതി 17.08.19 തുക 3,52,200/- |

പ്രസ്തുത പദ്ധതി പ്രകാരം 9അലമാര(7457.63 X 9 = 67118.67),65 ഡെസ്ക്(2288.14 X 65 = 148728.80),65 ബഞ്ച് (1271.18 X 9 = 82627.12) ടെണ്ടർ നടപടികളിലൂടെ ഉമാമഹേശ്വർ ഇൻ്റീരിയൽ വർക്സ് എന്ന സ്ഥാപനത്തിൽ നിന്നും വിവിധ എൽ.പി/യു.പി സ്കൂളുകൾക്കുവേണ്ടി വാങ്ങിയിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ പദ്ധതി ഫയലിന്റെ പരിശോധനയിൽ ടി ഫർണിച്ചറുകൾ വിതരണം ചെയ്തതിന്റെ യാതൊരു രേഖയും ലഭ്യമല്ല. ഫർണിച്ചർ സ്റ്റോക്കിലെടുത്ത വിവരങ്ങളോ സ്റ്റോക്ക് രജിസ്റ്ററോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ടി വിഷയം സംബന്ധിച്ച് 10.03.2021 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.8 ന് സ്റ്റോക്ക് രജിസ്റ്റർ പെർഫോമൻസ് ഓഡിറ്റിന് ഹാരാക്കിയിരുന്നുവെന്നും ഓഡിറ്റ് വേളയിൽ നഷ്ടപ്പെട്ടുവെന്നും അറിയിച്ചിട്ടുണ്ട്. ഫർണിച്ചർ 03 സ്കൂളുകൾ ഫർണിച്ചർ കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട്. മതിയായ വിതരണ രജിസ്റ്ററും സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിന് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-15 തുടർ വിദ്യാഭ്യാസ പരിപാടി പദ്ധതി-ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| പദ്ധതി | തുടർ വിദ്യാഭ്യാസ പരിപാടി |
| പദ്ധതി നം. | 42/19-20 |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ,ഗവ.എൽ.പി.സ്കൂൾ |
| അടങ്കൽ | 150000 (തനത് ഫണ്ട്) |
| ചെലവ് തുക | 91000 |
| ചെക്ക് നം.<br>ചെക്ക് നം. | 2030093 തീയതി 27.03.20 തുക 51,000/-<br>ചെക്ക് നം തീയതി ലഭ്യമല്ല<br>തുക 40,000/- |

പ്രസ്തുത പദ്ധതി പ്രകാരം 91,000/-രൂപ ക്ലാസ്സ് 10,ഹയർ സെക്കണ്ടറി തുടർ വിദ്യാഭ്യാസ പരിപാടി പദ്ധതിക്കായി കേരള സാക്ഷരത മിഷനിൽ വിവിധ ചെക്കുകൾ വഴി അടവ് വരുത്തിയിട്ടുണ്ട്.40000/ രൂപയുടെ കൈപ്പറ്റ് വിവരം,പദ്ധതിയിലെ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ,അപേക്ഷകരുടെ എണ്ണം,പരീക്ഷ എഴുതിയവരുടെ വിവരം 40,000/- രൂപയുടെ തനത് ഫണ്ട് ചെക്കിന്റെ പകർപ്പ് എന്നിവ ഫയലിൽ ലഭ്യമല്ല.മേൽ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ 09.03.2021 ൽ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നം.7ന് ചെക്കുകൾ ട്രഷറിയിൽ കൊടുത്തത് കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ആയതിനാൽ ചെക്കിന്റെ ഫോട്ടോകോപ്പി എടുക്കുവാൻ കഴിഞ്ഞില്ലാ എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്.ആയത് ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-16 വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമല്ല.

2019-20 സാമ്പത്തിക വർഷം സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ നിർവ്വഹണം നടത്തിയ വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ സ്റ്റാറ്റസ് റിപ്പോർട്ടിലെ മുൻഗണനാ പ്രകാരമുള്ള പദ്ധതികളല്ല.സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം നടപ്പാക്കേണ്ടിയിരുന്നതും എന്നാൽ നടപ്പാക്കാത്തതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടില്ല.

2. സ്കൂളുകളിൽ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളും ഇൻർനെറ്റ് സൗകര്യങ്ങളും വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടില്ല.

3. സ്കൂളുകളിലെ ലാബ്,ലൈബ്രറി എന്നീ സൗകര്യങ്ങൾ വിപുലപ്പെടുത്തിയിട്ടില്ല.

4. സ്കൂളുകളിലെ കുടിവെള്ള സ്രോതസ്സുകൾ പര്യാപ്തമാക്കിയിട്ടില്ല.

5. ജലസംരക്ഷണം, ഇലക്ട്രിഫിക്കേഷൻ, ഉച്ചഭക്ഷണം, പാചക വിതരണ സംവിധാനം എന്നിവക്കായി പദ്ധതികൾ രൂപീകരിച്ചിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ടിൽ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങളുടെ സ്വഭാവം അനുസരിച്ച് ലഘു,ഗുരുതരം,അതീവ ഗുരുതരം എന്ന് വേർതിരിച്ചുള്ള രേഖപ്പെടുത്തലുകൾ ഇല്ല. അതിനാൽ തന്നെ സ്റ്റാറ്റസ് റിപ്പോർട്ട് അപൂർണമാണ്. ഭാവിയിൽ കുറ്റമറ്റ രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് അടിസ്ഥാനമാക്കേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് അപൂർണ്ണമായ രീതിയിൽ തയ്യാറാക്കിയത് പദ്ധതി നിർവ്വഹണത്തിന്റെ ആസൂത്രണത്തിന് തടസ്സമാകുന്നു. ഇത്തരത്തിൽ ലാഘവത്തോടെ ഈ അടിസ്ഥാനരേഖ തയ്യാറാക്കിയത് ഗുരുതരവീഴ്ചയാണ്. ഇക്കാര്യത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും പഞ്ചായത്ത് കമ്മിറ്റിയും അവശ്യം വേണ്ട ശ്രദ്ധ പുലർത്താതിരുന്നത് ഓഡിറ്റ് ഗൗരവമായി കാണുന്നു.ടി വിഷയത്തിന്മേൽ 10.03.2021 ൽ നൽകിയ ഓഡിറ്റ് അന്വേഷണനകുറിപ്പ് നം.10 ന് ഹെഡ്മാസ്റ്റർ മറുപടി ലഭ്യമാക്കിയിട്ടില്ല.
പദ്ധതികൾ കുറ്റമറ്റരീതിയിൽ തയ്യാറാക്കുന്നതിന് അത്യാവശ്യമായ രേഖകൾ തയ്യാറാക്കാൻ വേണ്ട നടപടികൾ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നിർവ്വഹിക്കേണ്ടതാണ്. വീഴചകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 -പാലിയേറ്റീവ് പരിചരണ പദ്ധതി നടപ്പാക്കൽ-സർക്കാർ മാനദണ്ഡപ്രകാരമല്ല

സ.ഉ (സാധാ) നം.553/2019/തസ്വഭവ തീയതി 07.03.2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും പാലിയേറ്റിവ് പരിചരണത്തിനും ഹോം കെയറിനുമായി പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്. പദ്ധതിയുടെ ഭാഗമായി നടപ്പാക്കാത്ത അനിവാര്യ ഘടകങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.ദീർഘകാല പരിചരണം ആവശ്യമായ രോഗികളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

2.എല്ലാ വാർഡിലും വാർഡ്തല ആരോഗ്യ അവലോകന സമിതി രൂപീകരിച്ചിട്ടില്ല.

3.പരിചരണം ആവശ്യമായവരുടെ ഓരോ യൂണിറ്റിനും ഹോം കെയർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4.ദീർഘകാല രോഗികൾക്ക് ഓ.പി ടിക്കറ്റിന് പകരം ചികിത്സാ രേഖ നൽകിയിട്ടില്ല.

5.രോഗികൾക്ക് പരിചരണ സാമഗ്രികൾ (വാട്ടർ ബെഡ്,എയർ ബെഡ്,വീൽ ചെയർ,കമ്മോഡ് ചെയർ,എയർ കുഷൻ) കെയർ യൂണിറ്റ്/സബ് സെന്റർ/വാർഡ് തലത്തിൽ നൽകിയിട്ടില്ല.

6.പാലിയേറ്റീവ് കെയർ പരിചരണത്തിന് സാമൂഹ്യക പിന്തുണ ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

7.ബോധവൽക്കരണ/പരിശീലന പരിപാടികൾ -രോഗികളുടേയും കുടുംബാംഗങ്ങളുടേയും ഒത്തുചേരൽ സംഘടിപ്പിച്ചിട്ടില്ല.

8.ധനാഗമ മാർഗ്ഗങ്ങൾ,ഹോം കെയർ ടീം,ഹോം കെയർ റിപ്പോർട്ട് ബുക്ക്,ഭക്ഷണച്ചെലവ്,ഹോം കെയർ കിറ്റ്,പാലിയേറ്റീവ് കെയർ മാനേജ്മെൻറ് കമ്മിറ്റി ഗ്രാമപഞ്ചായത്ത്തല യോഗം,പുനരധിവാസ പ്രവർത്തനങ്ങൾ,വിഭവ സമാഹരണം -രസീതി രജിസ്റ്ററുകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

9.മോണിറ്ററിംഗ്-ഗ്രാമപഞ്ചായത്തുകളിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റിയും ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയും പാലിയേറ്റിവ് കെയർ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനായി നടപടികൾ സ്വീകരിച്ചിട്ടില്ല.

പ്രസ്തുത പദ്ധതി സംബന്ധിച്ച വിവരങ്ങൾക്കായി 16.03.2021ൽ നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.32 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ടി വിഷയത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

1-18 പദ്ധതി ലക്ഷ്യം കൈവരിച്ചില്ല-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

പദ്ധതി - ഇടവിള കൃഷി

പദ്ധതി നം.- 66/19-20

നിർവ്വഹണം- കൃഷി ഓഫീസർ

അടങ്കൽ തുക- 3,00,000/-

ചെലവ് തുക- 3,00,000/-

ബിൽ നം. 1/19-20 തീയതി 15.10.19

പ്രസ്തുത പദ്ധതി പ്രകാരം കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലേക്ക് (A/C No.57012937708,IFS Code.SBIN 0070026) 3,00,000/- രൂപ അസി.എക്സ്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.പദ്ധതി ഫയൽ പരിശോധനയിൽ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ 12.03.2021 ൽ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നം.16ന് കൃഷി ഓഫീസർ തുകയുടെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട്.പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

1-19 വെറ്ററിനറി സർജൻ നടത്തിയ പദ്ധതികളിലെ അപാകങ്ങൾ

2019 – 20 സാമ്പത്തികവർഷം വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നിർവ്വഹിച്ച പദ്ധതികളിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മുതൽ മോണിറ്ററിംഗ് വരെയുള്ള ഘട്ടങ്ങളിൽ അപാകങ്ങളുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1-19-1 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - മാർഗ്ഗരേഖ പാലിക്കുന്നില്ല.

29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ പ്രകാരം അർഹരായ എല്ലാവരിലും നിന്ന് അപേക്ഷ സ്വീകരിച്ച് അപേക്ഷകളിൽ മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം മാർക്കിട്ട് കരട് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയും ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയും പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് ലിസ്റ്റ് പുതുക്കുകയും വേണം. അപ്രകാരം പുതുക്കുന്ന ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പത്ത് ദിവസത്തെ സമയം നല്കണം.ആക്ഷേപങ്ങൾ സ്വീകരിച്ച് പരിഷ്കരിച്ച കരട് ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ അന്തിമ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭ മിനിറ്റ്സിൽ ചേർക്കുകയും വേണം. ഈ നിർദ്ദേശം പാലിക്കാതെയാണ് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തിയിരിക്കുന്നത്. ഓഡിറ്റ് എൻക്വയറി നം 26/ 12.03.2021 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ഗുണഭോക്താക്കളുടെ അപേക്ഷകൾ പോലും ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഏറ്റവും അർഹരായവർക്ക് തന്നെയാണ് പദ്ധതികളുടെ ആനുകൂല്യം ലഭിച്ചത് എന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. മേൽ ഉത്തരവിൽ പ്രതിപാദിക്കുന്ന വിധത്തിൽ കുറ്റമറ്റരീതിയിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്താൻ ആവശ്യമായ മേൽനോട്ടം പഞ്ചായത്ത് ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

1-19-2 വെറ്ററിനറി സർജൻ നിർവ്വഹിച്ച പദ്ധതികളിൽ പർച്ചേസ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

2019 – 20 ൽ വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ആട്ടുവളർത്തൽ, പശുവളർത്തൽ പദ്ധതികൾക്ക് പർച്ചേസ് കമ്മിറ്റി മുഖേന ആട്, പശു എന്നിവ വാങ്ങുന്നതായി പദ്ധതി രൂപീകരണ ഫോറത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത കമ്മിറ്റി രൂപീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. പർച്ചേസ് കമ്മിറ്റി രൂപീകരിച്ചതിന്റെ വിശദാംശം ഓഡിറ്റ് എൻക്വയറി നം 26/ 12.03.2021 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയ മറുപടിയിൽ ഇത് സംബന്ധിച്ച വിവരങ്ങളില്ല. പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ നടപ്പാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ മോണിറ്ററിംഗ് കമ്മിറ്റി ഫലപ്രദമായി പ്രവർത്തിക്കാത്തതാണ് ഇത്തരം വീഴ്ചകൾക്ക് കാരണം. ഇക്കാര്യത്തിൽ മോണിറ്ററിംഗ് കമ്മിറ്റി സജീവമായി പ്രവർത്തിക്കേണ്ടതും സ്റ്റാന്റിംഗ് കമ്മിറ്റി മേൽനോട്ടം വഹിക്കേണ്ടതുമാണ്.

1-19-3 ആട്ട വളർത്തൽ, പശു വളർത്തൽ പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നില്ല.

2019 – 20 ൽ വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ആട്ടുവളർത്തൽ, പശുവളർത്തൽ പദ്ധതികൾ എന്നിവയുടെ ഫലമായി പാൽ, മാംസം എന്നിവയുടെ ഉത്പാദനത്തിൽ വർദ്ധനവുണ്ടെന്നും എന്നാൽ ആയത് തിട്ടപ്പെടുത്തിയിട്ടില്ലെന്നും ഓഡിറ്റ് എൻക്വയറി നം. 26/ 12.03.2021 ന് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ നയത്തിനുവിരുദ്ധമായി ഗ്രാമപ്പഞ്ചായത്തിനുള്ളിൽ നിന്നു തന്നെ ആട്, പശു എന്നിവയെ വാങ്ങുന്നതിനാൽ പദ്ധതിച്ചെലവിന് ആനുപാതികമായി പാൽ, മാംസം എന്നിവയുടെ ഉത്പാദനത്തിൽ വർദ്ധനവുണ്ടാകുന്നില്ല. ഇങ്ങനെ ഗ്രാമപ്പഞ്ചായത്തിനുള്ളിൽ നിന്നു തന്നെ ആട്, പശു എന്നിവയെ വാങ്ങുന്നതിനെതിരെ 2018 – 19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നെങ്കിലും തെറ്റായ കീഴ്വഴക്കം തുടരുന്നതിനെ അംഗീകരിക്കാനാകില്ല. ഇക്കാര്യത്തിൽ പഞ്ചായത്ത് കമ്മിറ്റി ജാഗ്രത പുലർത്തേണ്ടതും സർക്കാർ തീരുമാനം കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-19-4 പദ്ധതി രൂപീകരണപത്രം തയ്യാറാക്കിയിട്ടില്ല

പദ്ധതി നിർവ്വഹണം പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി പൂർത്തീകരണപത്രം സുലേഖയിൽ തയ്യാറാക്കണമെന്ന് 29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ ഖണ്ഡിക 11.4 ൽ നിർദ്ദേശിക്കുന്നു. ഇത്തരത്തിൽ പദ്ധതി രൂപീകരണ പത്രം തയ്യാറാക്കിയതിന്റെ വിവരം ലഭ്യമല്ല. ഓഡിറ്റ് എൻക്വയറി നം.26/12.03.2021 പ്രകാരം പദ്ധതി പൂർത്തീകരണപത്രം തയ്യാറാക്കിയതിന്റെ വിശദാംശം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയ മറുപടിയിൽ ഇത് സംബന്ധിച്ച വിവരങ്ങളില്ല. പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്നവിധത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ച് പദ്ധതി നിർവ്വഹണം നടത്താൻ ആവശ്യമായ നടപടികൾ നിർവ്വഹണോദ്യോഗസ്ഥൻ കൈക്കൊള്ളേണ്ടതും മോണിറ്ററിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ തങ്ങളുടെ കർത്തവ്യം നിറവേറ്റേണ്ടതും സ്റ്റാന്റിംഗ് കമ്മിറ്റി ഇതിന് മേൽനോട്ടം വഹിക്കേണ്ടതുമാണ്.

1-19-5 മോണിറ്ററിംഗ് നടത്തുന്നില്ല - പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നില്ല

29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ ഖണ്ഡിക 13 പ്രകാരം പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട്. മോണിറ്ററിംഗ് നടത്തേണ്ട ഘടകങ്ങൾ, ഘട്ടങ്ങൾ എന്നിവയിൽ ആട്, പശു എന്നിവയുടെ വാങ്ങൽ, ആരോഗ്യനില ഉറപ്പുവരുത്തൽ എന്നിവ ദ്ധതി രൂപീകരണ ഫോറത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ നിർവ്വഹിച്ചതിന്റെ വിശദാംശം ലഭ്യമല്ല.ഓഡിറ്റ് എൻക്വയറി നം 26/ 12.03.2021 പ്രകാരം മൃഗസംരക്ഷണം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിച്ചതിന്റെ വിവരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയ മറുപടിയിൽ അതുസംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കൃത്യമായി നടക്കാത്തതിനാലാണ് പദ്ധതി നിർവ്വഹണം കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ കഴിയാത്തത്. ആയതിനാൽ ഇക്കാര്യം ഗൗരവത്തിലെടുക്കേണ്ടതും മോണിറ്ററിംഗ് കൃത്യമായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിക്കേണ്ടതമാണ്.

1-19-6 കാഷ് ബുക്ക് ടി ആർ 7 എ ഫോറത്തിൽ പരിപാലിക്കുന്നില്ല

കേരള ട്രഷറി കോഡ് വാല്യം I ലെ ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിനുവേണ്ടി പണം സ്വീകരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും ടി ആർ 7 എ ഫോറത്തിലാണ് കാഷ് ബുക്ക് പരിപാലിക്കേണ്ടത്. എന്നാൽ വെറ്ററിനറി സർജൻ പരിപാലിക്കുന്ന കാഷ് ബുക്ക് ടി ആർ 7 എ ഫോറത്തിൽ അല്ല. സർക്കാർ നിർദ്ദേശപ്രകാരം കാഷ് ബുക്ക് പരിപാലിക്കാൻ ആവശ്യമായ നടപടികൾ സമയബന്ധിതമായി കൈക്കൊള്ളേണ്ടതാണ്.

1-19-7 എ.ബി. സി. പദ്ധതി -ചെലവ് രേഖകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | SOO19/20 |
| പ്രോജക്റ്റിന്റെ പേര് | എ.ബി.സി. പ്രോഗ്രാം |
| അടങ്കൽ | 98700/-<br>(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 98700/- |
| ബിൽ നമ്പർ | 09/16-08-2019 |
| | |

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജ്ജൻ |

ഗ്രാമപഞ്ചായത്തിലെ അലഞ്ഞു തിരിയുന്ന 47 തെരുവ് നായ്ക്കളെ പിടികൂടി വന്ധ്യംകരണ ശസ്ത്രക്രിയ നടത്തി പിടിച്ച സ്ഥലത്തു തന്നെ തിരിച്ച് വിടുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. പട്ടിപിടിത്തക്കാർക്കുള്ള കൂലി, വണ്ടി വാടക, ഓപ്പറേഷനുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ, അവർക്കുള്ള ആഹാരം, മരുന്ന് എന്നിവയ്ക്ക് ചെലവാകുന്ന തുക കണ്ടെത്താനാണ് പ്രോജക്ടിൽ തുക വക കൊള്ളിച്ചിട്ടുള്ളത്. ഇതിലേക്കായി നായ ഒന്നിന് 2,100/- രൂപ വകയിരുത്തി, തുക മുൻകൂറായി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക് (98700/- രൂപ)16-08-2019 ൽ കൈമാറി. 27-08-2016 ലെ 45151/RC3/2014/LSGD നമ്പരായ സർക്കുലറിലെ ഖണ്ഡിക നമ്പർ അഞ്ച് പ്രകാരം എ.ബി.സി പ്രോഗ്രാമിൽ സ്റ്റെറിലൈസേഷൻ, ആന്റി-റാബീസ് വാക്സിനേഷൻ, ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming, നായയ്ക്ക് അഞ്ച് ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ്ടു വിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. എന്നാൽ ഇവ സംബന്ധിച്ച രേഖകൾ ലഭ്യമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.26/ 12.03.2021 ന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ഉണ്ടെങ്കിലും മേൽ കാര്യങ്ങൾക്കായി തുക ചെലവാക്കിയതിന്റെ വിശദാംശം ലഭ്യമല്ല. മേലിൽ ഇത്തരം പദ്ധതികൾക്ക് വിശദാംശങ്ങൾ ഹാജരാക്കാനാവശ്യമായ നടപടികൾ വെറ്ററിനറി സർജൻ കൈക്കൊള്ളേണ്ടതാണ്.

1-20 വി ഇ ഒ നടപ്പാക്കിയ പദ്ധതികളിലെ അപാകങ്ങൾ

വി ഇ ഒ 2019 – 20 ൽ നടപ്പാക്കിയ പദ്ധതികളിൽ ചുവടെപ്പറയുന്ന അപാകങ്ങളുണ്ട്. അപാകങ്ങൾ പരിഹരിച്ച് കുറ്റമറ്റ രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20-1 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - മാർഗ്ഗരേഖ പാലിക്കുന്നില്ല.

29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ പ്രകാരം അർഹരായ എല്ലാവരിലും നിന്ന് അപേക്ഷ സ്വീകരിച്ച് അപേക്ഷകളിൽ മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം മാർക്കിട്ട് കരട് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയും ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയും പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് ലിസ്റ്റ് പുതുക്കുകയും വേണം. അപ്രകാരം പുതുക്കുന്ന ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പത്ത് ദിവസത്തെ സമയം നല്കണം.ആക്ഷേപങ്ങൾ സ്വീകരിച്ച് പരിഷ്കരിച്ച കരട് ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ അന്തിമ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭ മിനിറ്റ്സിൽ ചേർക്കുകയും വേണം. ഈ നിർദ്ദേശം പാലിക്കാതെയാണ് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തിയിരിക്കുന്നത്. ഓഡിറ്റ് എൻക്വയറി നം 47/ 18.03.2021 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ഗുണഭോക്താക്കളുടെ അപേക്ഷകൾ പോലും ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഏറ്റവും അർഹരായവർക്ക് തന്നെയാണ് പദ്ധതികളുടെ ആനുകൂല്യം ലഭിച്ചത് എന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. മേൽ ഉത്തരവിൽ പ്രതിപാദിക്കുന്ന വിധത്തിൽ കുറ്റമറ്റരീതിയിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്താൻ ആവശ്യമായ മേൽനോട്ടം പഞ്ചായത്ത് ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

1-20-2 ഗുണഭോക്താക്കളുമായി കുറ്റമറ്റ കരാർ ചമയ്ക്കുന്നില്ല

വി. ഇ. ഒ. നടപ്പാക്കിയ വിവിധപദ്ധതികളുടെ അപേക്ഷകളോടൊപ്പം സൂക്ഷിച്ചിരിക്കുന്ന ഗുണഭോക്താക്കളുമായി ചമച്ച കരാറുകൾ അപൂർണ്ണമാണ്. വ്യക്തിയുടെ വിവരങ്ങളും പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താവ് പാലിക്കേണ്ട കാര്യങ്ങളും രേഖപ്പെടുത്താതെ കരാർ ചമച്ചത് ഭാവിയിൽ സ്വീകരിക്കേണ്ടി വരാവുന്ന നടപടികൾക്ക് തടസ്സമുണ്ടാക്കുന്നു. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറി നമ്പർ 48/18.03.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കുറ്റമറ്റവിധത്തിൽ കരാറുകൾ ചമയ്ക്കാൻ വിഇഒ നടപടി സ്വീകരിക്കേണ്ടതും മോണിറ്ററിംഗ് കമ്മിറ്റി ഇക്കാര്യം പരിശോധിക്കേണ്ടതും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

1-20-3 പദ്ധതി പൂർത്തീകരണപത്രം ഇല്ല

പദ്ധതി നിർവ്വഹണം പൂർത്തിയാകുന്നമുറയ്ക്ക് എല്ലാ നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി പൂർത്തീകരണപത്രം സുലേഖയിൽ തയ്യാറാക്കണമെന്ന് 29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ ഖണ്ഡിക 11.4 ൽ നിർദ്ദേശിക്കുന്നു. ഇത്തരത്തിൽ പദ്ധതി രൂപീകരണപത്രം തയ്യാറാക്കിയതിന്റെ വിവരം ലഭ്യമല്ല. ഓഡിറ്റ് എൻക്വയറി നം 26/ 12.03.2021 പ്രകാരം പദ്ധതി പൂർത്തീകരണപത്രം തയ്യാറാക്കിയതിന്റെ വിശദാംശം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയ മറുപടിയിൽ ഇത് സംബന്ധിച്ച വിവരങ്ങളില്ല. പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദശിച്ചിരിക്കുന്നവിധത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ച് പദ്ധതി നിർവ്വഹണം നടത്താൻ ആവശ്യമായ നടപടികൾ നിർവ്വഹണോദ്യോഗസ്ഥൻ കൈക്കൊള്ളേണ്ടതും മോണിറ്ററിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ തങ്ങളുടെ കർത്തവ്യം നിറവേറ്റേണ്ടതും സ്റ്റാന്റിംഗ് കമ്മിറ്റി ഇതിന് മേൽനോട്ടം വഹിക്കേണ്ടതുമാണ്.

1-20-4 കാഷ് ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

കേരള ട്രഷറി കോഡ് വാല്യം I ലെ ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിനുവേണ്ടി പണം സ്വീകരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും ടി ആർ 7 എ ഫോറത്തിലാണ് കാഷ് ബുക്ക് പരിപാലിക്കേണ്ടത്. വി ഇ ഒ 2019 – 20 ലെ കാഷ് ബുക്ക് ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. ഇത്തരത്തിൽ ഒരു കാഷ് ബുക്ക് സൂക്ഷിക്കാത്തതിന് കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു കൊടുത്ത ഓഡിറ്റ് എൻക്വയറി നം.48/ 18.03.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥ പരിപാലിക്കേണ്ട അടിസ്ഥാനരേഖ പരിശോധനയ്ക്കായി സമർപ്പിക്കാത്തത് ഓഡിറ്റ് ഗൗരവമായി കാണുന്നു. ടി ആർ 7 എ ഫോറത്തിലുള്ള 2019 – 20 വർഷത്തെ കാഷ് ബുക്ക്, ട്രഷറിബില്ലുകൾ ഉൾപ്പെടെമുഴുവൻ ചെലവുരേഖകൾ ഹാജരാക്കുന്നതുവരെ പ്രസ്തുത വർഷത്തെ ആകെ ചെലവുതുകയായ 4,52,11,035/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. കാഷ്ബുക്കും ബന്ധപ്പെട്ട രേഖകളും ഹാജരാക്കി തടസ്സം ഒഴിവാക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

1-20-5 ലൈഫ് പദ്ധതി പണം തിരിച്ചടച്ച വിവരം ലഭ്യമാക്കിയില്ല

കുരച്ചൽവിള വീട്ടിൽ ശ്രീ. തങ്കപ്പൻ എന്നയാൾക്ക് ലൈഫ് പദ്ധതിയിൽ അനുവദിച്ച വീട് നിർമ്മാണത്തിനുള്ള ഭൂമിയിൽ കേസ് നിലനില്ക്കുന്നതുകൊണ്ട് വീടു നിർമ്മിക്കാൻ കഴിയാത്ത സാഹചര്യം ഉള്ളതിനാൽ ആദ്യ ഗഡുവായി സ്വീകരിച്ച 40,000/- രൂപ നിയമാനുസൃത പലിശയുൾപ്പെടെ തിരിച്ചടപ്പിച്ച് എഗ്രിമെന്റിൽ നിന്ന് ഒഴിവാക്കാൻ 14.02.2020 ലെ തീരുമാനം നമ്പർ 1 പ്രകാരം വി ഇ ഒ യെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത തീരമാനത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊടുത്ത ഓഡിറ്റ് എൻക്വയറി നം 37/ 16.03.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-21 രസീതു പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ രസീതുബുക്കുകളും കളക്ഷൻ രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1) ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കുന്നില്ല.

2) ക്യാൻസൽ ചെയ്ത രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രസീതു ബുക്ക് നമ്പർ | തീയതി | രസീതു നമ്പർ | തുക |
|---|---|---|---|---|
| 1 | 46403 | 07/12/2019 | 89 | 822/- |
| 2 | 46406 | രേഖപ്പെടുത്തിയിട്ടില്ല | 07 | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 46406 | രേഖപ്പെടുത്തിയിട്ടില്ല | 15 | രേഖപ്പെടുത്തിയിട്ടില്ല |
| 4 | 46411 | രേഖപ്പെടുത്തിയിട്ടില്ല | 10 | രേഖപ്പെടുത്തിയിട്ടില്ല |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 44/17.03.2021 ന മറുപടി ലഭ്യമാക്കിയില്ല.

3) രസീതു ബുക്കുകൾ 46416,46421 എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾക്ക് എൻക്വയറി നമ്പർ 45/17.03.2021 ന മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | രസീതു ബുക്ക് നമ്പർ | രസീതു നമ്പർ/ തീയതി | തുക | അപാകത |
|---|---|---|---|---|
| 1 | 46416 | 75 മുതൽ 86വരെ /23/01/2020 | 4255/- | ലഭ്യമാക്കിയ കളക്ഷൻ രജിസ്റ്റർ പ്രകാരം തുക ഫ്രണ്ട് ഓഫീസിൽ ഒടുക്കിയിട്ടില്ല. |
| 2 | 46421 | 87 മുതൽ 92 വരെ/ 23/01/2020 | 1786/- | ലഭ്യമാക്കിയ കളക്ഷൻ രജിസ്റ്റർ പ്രകാരം തുക ഫ്രണ്ട് ഓഫീസിൽ ഒടുക്കിയിട്ടില്ല. |
| 3 | 46421 | 86/ 27/03/2020 | 308/- | 1) ലഭ്യമാക്കിയ കളക്ഷൻ രജിസ്റ്റർ പ്രകാരം തുക ഫ്രണ്ട് ഓഫീസിൽ ഒടുക്കിയിട്ടില്ല.<br>2) ഒരേ രസീതുബുക്ക് രണ്ടു സാമ്പത്തികവർഷം ഉപയോഗിച്ചിരിക്കുന്നു. |

4) താഴെപ്പറയുന്ന രസീതുബുക്കുകളും അവയുടെ കളക്ഷൻ രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല(ഓഡിറ്റ് റിക്വസിഷൻ നമ്പർ 3).

21984,21985,21986,46395,46396,46398,46399,46400,46402,46403,46404,46407,46412,46405,46408,46409,46410,46414,46415,46417,46418,46419,46420,46422,46423,46424,46425,46426,46427,46428,46429,46430,46431, 46432,46433

ടി രസീതുകൾ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

1-22 പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ സംയുക്ത പരിശോധന നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പ്രതിമാസം 16,49,380/- രൂപ വെള്ളക്കരമായി KWA യ്ക്ക് നല്കിവരുന്നു. ആകെ 377 ടാപ്പുകൾക്കാണ് പ്രസ്തുത തുക നല്കി വരുന്നത്. ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWAയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുവാൽ27/9/19 ൽ ചേർന്ന ജനറൽ കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്.(തീരുമാനം നം-40)ഇടർന്ന് വെള്ളക്കരംകുടിശ്ശിക ഇനത്തിൽ 1,46,02,579/- രൂപയുടെ ബിൽ ലഭിച്ചതിനെ തുടർന്ന്, സംയുക്ത പരിശോധന നടത്തുവാൽ 3/1/20 ൽ വീണ്ടും ജനറൽകമ്മിറ്റി വീണ്ടും തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ടി തീരുമാനം നാളിതു വരെ നടപ്പിലായിട്ടില്ല എന്ന്, ഓഡിറ്റ് എൻക്വയറി നം.21 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.ഉത്തരവ് നം.2242/11/എൽ.എസ്.ജി.ഡി. തീയതി 28.09.2011-ൽ നിഷ്കർഷിക്കുന്ന പ്രകാരം സംയുക്ത പരിശോധന നടത്തേണ്ടതാണ്.

1-23 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് കിട്ടിയിട്ടില്ല.

വിവിധ പ്രവൃത്തികൾക്കായി KSEB, KWA എന്നിവിടങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും,പ്രവൃത്തി പൂർത്തിയാക്കി, വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി.(ഓഡിറ്റ് എൻക്വയറി നം 20)

| ക്രമ | പ്രോജക്ട് | പ്രോജക്ടിന്റെ പേര് | നിർവ്വഹണ | ബിൽ നം | തുക |
|---|---|---|---|---|---|

| നം | നം | | ഏജൻസി | | (രൂപ) |
|---|---|---|---|---|---|
| 1 | 243/19-20 | പൈപ്പ് ലൈൻ നീട്ടൽ | KWA | 11/5-4-19 | 272210 |
| 2 | 234/19-20 | കുടിവെള്ള കണക്ഷൻ | KWA | 11/5-4-19 | 1297209 |
| 3 | 233/19-20 | ഇലക്ട്റിക്കൽ ലൈൻ നീട്ടൽ | KSEB | 10/5-4-19 | 854142 |
| 4 | 233/19-20 | ഇലക്ട്റിക്കൽ ലൈൻ നീട്ടൽ | KSEB | 10/5-4-19 | 31668 |
| 5 | 387/19-20 | ഇലക്ട്റിക്കൽ ലൈൻ നീട്ടൽ | KSEB | 500/5-3-20 | 11683 |

'ടി തുകയിന്മേലുള്ള വിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 1-24 ആസ്തി രജിസ്റ്റർ പരിപാലനം കുറ്റമറ്റതാക്കേണ്ടതാണ്.

A) അംഗൻവാടിക്ക് ദാനയാധാരമായി ലഭിച്ച ഭൂമി അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ വെടിവച്ചാൻ കോവിൽ കോവിൽ (15 ാം വാർഡ്) 100 ാം നം അംഗൻവാടിയ്ക്ക് കെട്ടിടം പണിയുന്നതിനായി, മൂന്നു സെന്റ് ഭൂമി ദാനയാധാരമായി ലഭിച്ചിട്ടുണ്ട്. (Document No.3056/19, Balaramapuram Subregistrar Office). എന്നാൽ ടി ഭൂമി പഞ്ചായത്തിന്റെ അസറ്റു രജിസ്റ്ററിൽ ചേർക്കുന്നതു സംബന്ധിച്ച് പഞ്ചായത്തു കമ്മിറ്റി തീരുമാനം ലഭ്യമല്ലാത്തതിനാൽ ചേർത്തിട്ടില്ലെന്ന് ഓഡിറ്റ്എൻക്വയറിക്കുള്ള മറുപടിയിൽ (നം.39/16.3.2021) അസി.എഞ്ചിനീയർ വ്യക്തമാക്കിയിരിക്കുന്നു. കൂടാതെ അസറ്റ് രജിസ്റ്ററിൽ സോഫ്റ്റ് വെയർ അപ്ഡേഷൻ നടക്കുന്നതിനാൽ രേഖപ്പെടുത്തൽ നിലവിൽ അസി.എഞ്ചിനീയർ നടത്താൽ കഴിയാത്ത സാഹചര്യമാണുള്ളതെന്നും വ്യക്തമാക്കിയിരിക്കുന്നു.ടി ഭൂമി അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

B)അംഗൻവാടിക്ക്പുതുതായി പണിഞ്ഞ കെട്ടിടം അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ 23 ാം വാർഡിലെ 112 ാം നം അംഗൻവാടിയ്ക്ക് MLA ഫണ്ട് വിനിയേഗിച്ച്, പുതിയകെട്ടിടം പണിഞ്ഞിട്ടുള്ളതായി,30/8/19 ലെ ജനറൽ കമ്മിറ്റി മിനിട്സിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടി കെട്ടിടം അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.നേമം ബ്ളോക്ക് പഞ്ചായത്തിൻ്റെ എഞ്ചിനീയറിംഗ് വിഭാഗമാണ് ടി പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളതെന്നും,ടി ഭൂമി പഞ്ചായത്തിൻ്റെ അസറ്റു രജിസ്റ്ററിൽ ചേർക്കുന്നതു സംബന്ധിച്ച് പഞ്ചായത്തു കമ്മിറ്റി തീരുമാനം ലഭ്യമല്ലാത്തതിനാൽ ചേർത്തിട്ടില്ലെന്ന്ഓഡിറ്റ്എൻക്വയറിക്കുള്ള മറുപടിയിൽ (നം.23/10.3.2021) അസി.എഞ്ചിനീയർ വ്യക്തമാക്കിയിരിക്കുന്നു.കൂടാതെ അസറ്റ് രജിസ്റ്ററിൽ സോഫ്റ്റ് വെയർ അപ്ഡേഷൻ നടക്കുന്നതിനാൽ രേഖപ്പെടുത്തൽ നിലവിൽ അസി.എഞ്ചിനീയർ നടത്താൽ കഴിയാത്ത സാഹചര്യമാണുള്ളതെന്നും വ്യക്തമാക്കിയിരിക്കുന്നു. കെട്ടിടം അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നു

29.03.2017 ലെ ജി.ഒ.(എം.എസ്)72/2017/Lsgd ഉത്തരവ് പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ ഖണ്ഡിക 12.10(1) പ്രകാരം പഞ്ചായത്ത് റോഡ് കണക്ടിവിറ്റി ഭൂപടവും, റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ റോഡ് വികസന പദ്ധതികൾ രൂപീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് അപ്രകാരമുള്ള റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ് പദ്ധതികൾ നടപ്പാക്കിയിരിക്കുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്കുള്ള (നം.39/16.3.2021) മറുപടിയിൽ കണക്ടിവിറ്റി ഭൂപടംതയ്യാറാക്കുന്നതിനായി,R-Track എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് പഞ്ചായത്തിലെ റോഡുകൾ സർവ്വെ നടത്തി,മാപ്പ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായും,ആയതിൻ്റെ പ്രാരംഭ ഘട്ടമായി,മൂന്നു മീറ്ററും,അതിൽ കൂടുതലും വീതിയുള്ള റോഡുകൾ ടി സോഫ്റ്റ് വെയറിൽ അപ്ലോഡ് ചെയ്തിട്ടുള്ളതായും, അറിയിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ മേൽ ഉത്തരവിലെ നിർദേശങ്ങൾക്കനുസൃതമായി റോഡ് വികസന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കേണ്ടതാണ്.

## 1-26 ആമ്പുലൻസിന്റെ ലോഗ്ബുക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

പഞ്ചായത്തിലെ ആമ്പുലൻസിന്റെ ഒഴികെ മറ്റ് വാഹനങ്ങളുടെ ലോഗ്ബുക്ക്, രസീത് ബുക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.

ആമ്പുലൻസ് ഉപയോഗിക്കുന്നവരിൽ നിന്നും ഈടാക്കുന്ന തുക രസീത് വഴി ആണ് ഈടാക്കുന്നത്. എന്നാൽ 05.07.2019 മുതൽ 05.02.2020 വരെയുള്ള രസീതുബുക്കുകൾ മാത്രമേ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളൂ.ബാക്കി രസീതുബുക്കുകൾ പഞ്ചായത്ത് ഓഫീസ് മാറ്റിയപ്പോൾ നഷ്ടപ്പെട്ടു എന്നാണ് 16.03.2021 ന് നൽകിയ 38-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. രസീതുബുക്കുകൾ നഷ്ടപ്പെട്ടത് ആയത് കൈകാര്യം ചെയ്ത സെക്ഷന്റെ ഗുരുതരമായ കൃത്യവിലോപമായി കാണുന്നു. ആയതിനാൽ ലഭ്യമായ തുക എത്രയാണെന്നും, ആയത് മുഴുവനും അടവാക്കിയിട്ടുണ്ടോ എന്നതും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ആമ്പുലൻസിന്റെ ലോഗ്ബുക്കിൽ ഇന്ധനക്ഷമതാ സാക്ഷ്യപത്രം മാസാന്ത്യത്തിൽ തൻമാസം ഉപയോഗിച്ച ഇന്ധനം, സഞ്ചരിച്ച ദൂരം എന്നിവ സംബന്ധിച്ച സംക്ഷിപ്തം ഉടങ്ങിയവ ഉൾപ്പെടുത്തിയിട്ടില്ല. 16.03.2021 ന് നൽകിയ 38-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മൈലേജ് ടെസ്റ്റ് നടത്താൻ കഴിയുന്നില്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ആമ്പുലൻസിന്റെ ലോഗ്ബുക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ വാഹനം ഉപയോഗിച്ചവരിൽ പലരിൽ നിന്നും തുക ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. (രോഗി മരിച്ചുപോയതോ, അനാഥശവം കൊണ്ടുപോയതോ ആയ സാഹചര്യങ്ങൾ ഒഴിവാക്കിയിട്ടുണ്ട്)

| ക്രമ നം | തീയതി | യാത്രയുടെ വിശദാംശങ്ങൾ | പേര് | സഞ്ചരിച്ച ദൂരം |
|---|---|---|---|---|
| 1 | 08.04.2019 | FHC- മൊട്ടമൂട് - മെഡിക്കൽ കോളേജ് - വെടിവച്ചാൻ കോവിൽ- FHC | വിശ്വംഭരൻ, മൊട്ടമൂട് | 45 |
| 2 | 30.08.2019 | FHC- നരുവാമൂട്- മെഡിക്കൽ കോളേജ്- FHC | ജോയി നരുവാമൂട് | 45 |
| 3 | 09.09.2019 | FHC- താന്നിവിള- മെഡിക്കൽ കോളേജ്- FHC | ജയ താന്നിവിള | 45 |
| 4 | 11.09.2019 | FHC- ചൂഴാറ്റുകോട്ട- മലയിൻകീഴ് പോലീസ് സ്റ്റേഷൻ- മെഡിക്കൽ കോളേജ്- FHC | ശശികലമെമ്പർ പാമാംകോട് | 45 |
| 5 | 20.09.2019 | FHC- തേരിക്കവിള- മെഡിക്കൽ കോളേജ്- FHC | രേഖപ്പെടുത്തിയിട്ടില്ല. | 45 |
| 6 | 27.10.2019 | FHC- തലയറക്കോണം- മെഡിക്കൽ കോളേജ്- നരുവാമൂട്- FHC | ബിന്ദു നടക്കാട് | 45 |
| .7 | 28.02.2019 | FHC- മെഡിക്കൽ കോളേജ്- നടുക്കാട്-FHC | ബിന്ദു നടക്കാട് | 45 |
| 8 | 14.11`.2019 | FHC- താന്നിവിള- എയർപോർട്ട്- തിരുവനന്തപുരം- താന്നിവിള- FHC | രജ്ഞിത്ത് താന്നിവിള | 40 |
| 9 | 05.12.2019 | വെടിവെച്ചാൻ കോവിൽ FHC താന്നിവിള- മെഡിക്കൽകോളേജ്- വെടിവെച്ചാൻ കോവിൽ-FHC | അഖിൽ നരുവാമൂട് | 45 |
| 10 | 05.12.2019 | വെടിവെച്ചാൻ കോവിൽ മുക്കമ്പാലമൂട് മെഡിക്കൽകോളേജ്- വെടിവെച്ചാൻ കോവിൽ | വിഷ്ണു മുക്കമ്പാലമൂട് | 45 |
| 11 | 05.12.2019 | FHC- താന്നിവിള- ജനറൽ ആശുപത്രി-FHC | പ്രകാശ് താന്നിവിള | 35 |
| 12 | 20.03.2020 | FHC-തൈക്കാട് ആശുപത്രി- SAT-FHC | ഷിജു.വെടി വെച്ചാൻ കോവിൽ | 45 |

ടി തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 അങ്കണവാടിയിലെ മോട്ടാർ ഉപയോഗിക്കുന്നില്ല.

77 - ാം നമ്പർ അങ്കണവാടി (മൂക്കുന്നിമല) യിലെ ആസ്തി രജിസ്റ്റർ പ്രകാരം 23.06.2009 ന് അങ്കണവാടിയിൽ കിട്ടിയ മോട്ടോർ നാളിതുവരെയായി കിണറ്റിൽ നിന്ന് വെള്ളം എടുക്കാനായി സ്ഥാപിച്ചിട്ടില്ല. കിണറ്റിൽ നിന്ന് വെള്ളം കോരിയെടുക്കുകയാണ് ഇപ്പോഴും ചെയ്യുന്നത്. ഇത് സംബന്ധിച്ച് കൊടുത്ത ഓഡിറ്റ് എൻക്വയറി നമ്പർ 46/17.03.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ കാലയളവിലെ ഭരണസമിതികൾ മോട്ടോർ ഉറപ്പിക്കാനായി പദ്ധതി ആസൂത്രണം ചെയ്യാത്തതു കൊണ്ടാണ് ഇത്തരത്തിൽ മോട്ടോർ ഉപയോഗിക്കാതെ ഇരിക്കുന്നത്. ഇത്തരത്തിൽ വീഴ്ച ഉണ്ടാകാതിരിക്കാൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിൽ ഉള്ള നിഷ്ക്രിയ ആസ്തികൾ കണ്ടെത്തി അവ ഉപയോഗിക്കാനുള്ള സത്വര നടപടികൾ സ്വീകരിച്ച് പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഭാവിയിൽ പഞ്ചായത്തിന്റെ ആസ്തി ഉപയോഗിക്കാതെ നശിക്കുന്നില്ലെന്ന് ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റി സ്വീകരിക്കേണ്ടതാണ്.

## 1-28 എസ് എൽ ഐ, ജി ഐ എസ് തുകകൾ ശമ്പളത്തിന് ആനുപാതികമായി അടയ്ക്കുന്നില്ല

സംസ്ഥാന സർവ്വീസിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ നിശ്ചിത നിരക്കിൽ സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പോളിസി തുക (ജി ഒ (പി)149/2016/ധന/16.12.2008) ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നീ പോളിസി തുക (ജി ഒ (പി)149/2016/ധന/16.12.2008) അടവാക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ശമ്പള പരിധി മാറുമന്നതിന് അനസരിച്ച് രണ്ടു വർഷത്തിനുള്ളിൽ അഡീഷണൽ പോളിസി എടുക്കേണ്ടതും, സർവ്വീസ് അവസാനിക്കുന്ന സമയം വരെ പോളിസിയിൽ തുടരേണ്ടതുമാണ്. എന്നാൽ ഈ പഞ്ചായത്തിലെ പല ഉദ്യോഗസ്ഥരും നിശ്ചിത നിരക്കിലും കുറഞ്ഞ നിരക്കിലാണ് പോളിസി തുക അടവാക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉദ്യോഗസ്ഥന്റെ പേര്/ | ശമ്പള സ്കെയിൽ | അടവാക്കേണ്ട തുക | അടവാക്കിയ തുക | വ്യത്യാസം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | തസ്തികയുടെ പേര് | | | | |
| 1 | രാധാകൃഷ്ണൻ ബി/ അക്കൗണ്ടന്റ് | 27800-59400 | 300/-(SLI) | 150/- | 150/- |
| 2 | ബേബി ആർ/ സീനിയർ ക്ലർക്ക് | 25200-54000 | 400/-(GIS) | 200/- | 200/- |
| 3 | ഗീത ജി എസ്/ സീനിയർ ക്ലർക്ക് | 25200-54000 | 400/-(GIS) | 200/- | 200/- |
| 4 | ധന്യ കെ എസ്/ ക്ലർക്ക് | 19000-43600 | 300/- (SLI) | 225/- | 75/- |

വരും വർഷങ്ങളിൽ പോളിസി ഇക കൃത്യമായ നിരക്കിൽ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-29 ലൈബ്രറിയുടെ പ്രവർത്തനം തൃപ്തികരമല്ല

ഗ്രാമപഞ്ചായത്തിന കീഴിലെ ലൈബ്രറിയുടെ പ്രവർത്തനം നിലച്ച നിലയിൽ ആണ്. 2012 ജൂൺ 6 ന് ശേഷം 2017 ലാണ് പുസ്തകം വിതരണം ചെയ്തിരിക്കുന്നത്. 2017 ൽ മൂന്ന് ദിവസം മാത്രമാണ് പുസ്തകവിതരണം നടത്തിയത്. അതിനശേഷം പുസ്തക വിതരണം നടത്തിയിട്ടില്ല. 2007 ന് ശേഷം ഒരാൾ മാത്രമേ അംഗത്വമെടുത്തിട്ടുള്ളൂ. അംഗത്വവിതരണത്തിന നടപടികൾ സ്വീകരിച്ചിട്ടില്ല. ലൈബ്രറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണെന്ന് 2018 – 19 ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ആയതിൻപ്രകാരം തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ഇത്തരത്തിൽ വർഷങ്ങളായി വീഴ്ച വരുത്തുന്നത് പരിഹരിക്കാൻ പഞ്ചായത്ത് കമ്മിറ്റി നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറി നം 33/16.03.2021ന് മറുപടി നല്കിയിട്ടുണ്ട്. വീഴ്ചകൾ പരിഹരിച്ച് ലൈബ്രറി നല്ല രീതിയിയിൽ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വിശദവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം].

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ഇക ലഭിച്ച വർഷം | ലഭിച്ച ഇക | പദ്ധതിയുടെ പേര് | മുന്നിരിപ്പ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 8500 | കേദാരം | 0 | 8500 | 0 |
| | | 3125715 | ഭവന നിർമ്മാണവും വസ്തു വാങ്ങലും | 0 | 3125715 | 0 |
| | | 344250 | സ്നേഹസ്പർശനം | 0 | 344250 | 0 |
| | | 15405 | ഭവന നിർമ്മാണവും വസ്തു വാങ്ങലും (പട്ടികജാതി) | 0 | 15405 | 0 |
| | | 33000 | ക്ഷീരസമൃദ്ധി | 0 | 33000 | |
| | | 338104 | ന്യൂ-ലൈഫ് കോളനി നവീകരണം | 0 | 320000 | 18104 |
| ആകെ | | 3864974 | | | 3846870 | 18104 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 3640000 | ഭവന നിർമ്മാണവും വസ്തു വാങ്ങലും | 0 | 3480000 | 160000 |
| | | 184056 | അംഗനവാടി പോഷകാഹാരം | 0 | 109110 | 74946 |
| | | 300000 | പകൽവീട് | 0 | 150996 | 149004 |
| | | 355354 | സ്നേഹസ്പർശനം | 0 | 355354 | 0 |
| | | 250000 | ക്ഷീരസമൃദ്ധി(ജനറൽ) | 0 | 150000 | 100000 |
| | | 150000 | ക്ഷീരസമൃദ്ധി(വനിത) | 0 | 150000 | 0 |
| ആകെ | | 4879410 | | | 4395460 | 483950 |

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് 2019-20 സാമ്പത്തിക വർഷം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | നൽകിയ ഇക | ചെലവഴിച്ച ഇക | തിരികെ ലഭിച്ച ഇക | ചെലവഴി ക്കവാൻ ബാക്കിയുള്ള ഇക |
|---|---|---|---|---|---|
| KWA | പൈപ്പ് ലൈൻ നീട്ടൽ (പ്രോജക്ട് നം 234,243) | 1569419 | 0 | 0 | 1569419 |

| | | | | | |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് ലൈൻ നീട്ടൽ (പ്രോജക്ട് നം 233,387) | 897493 | 0 | 0 | 897493 |

മേൽ പദ്ധതികളുടെ വിനിയോഗം സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പായിനത്തിൽ 1,19,60,000/-രൂപ HUDCO ലോണായി ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം തിരിച്ചടവിന്റെയും നീക്കിയിരിപ്പിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| വായ്പ വിവരം | ഉത്തരവ്/നമ്പർ/ തീയതി | വായ്പാ ഇക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന ഇക | തൻവർഷം അടച്ച ഇക | വർഷാവസാനം തിരിച്ചടക്കുവാൻ ബാക്കിയുള്ള ഇക |
|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ (എം.എസ് )നം 831/10/തസ്വഭവ തീയതി 11.03.2010 | 24273000 | 7309200 | 6950677 | 358523 |
| ഹഡ്കോ | ലഭ്യമല്ല | 11960000 | 76902296 | - | 83391707 |

1.ഇ.എം.എസ് ഭവന പദ്ധതിയുടെ ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ധനകാര്യപത്രികയിലെ ഇകയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2.ഹഡ്കോ വായ്പ ഇക സംബന്ധിച്ച് പരാമർശം വാർഷിക ധനകാര്യപത്രികയിലെ അപാകതകളിൽ (1-2-1)പരാമർശിച്ചിട്ടുണ്ട്.ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ധനകാര്യപത്രികയിലെ നീക്കിയിരിപ്പ് ഇകയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ലഭ്യമായില്ല | | | | | |

4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 164474817 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 163268257 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത ഇക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ ഇക | 45290958 |

ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ ഇക

| ഖണ്ഡിക നം | തടസ്സപ്പെടുത്തിയ ഇക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 79923/- | കുമാരി.ഷീല.എസ്,ഹെഡ്മിസ്ട്രസ് |
| 1-20-4 | 45211035/- | ശ്രീദേവി.ഐ, വി.ഇ.ഒ. |

സി)കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടം

ഇല്ല

ഡി)നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനും/തടസ്സത്തിനും ഉത്തരവാദിയായവരുടെ പേരും സ്ഥിര മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം(ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|
| കുമാരി.ഷീല.എസ്, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ് | ഗോകുലം വലിയറത്തല ഊരൂട്ടമ്പലം പി.ഒ 695807 |
| ശ്രീമതി ശ്രീദേവി ഐ. | വി ഇ ഒ, വെള്ളനാട് ഗ്രാമപ്പഞ്ചായത്ത്, വെള്ളനാട് പി ഒ, 695543 | ആത്രേയം വെള്ളനാട് മിത്രാനികേതൻ വെള്ളനാട് പി ഒ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1297/18 തീയതി 13.06.2018 | 6 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1297/18 തീയതി 13.06.2018 | 1 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1297/18 തീയതി 13.06.2018 | 1 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1297/18 തീയതി 13.06.2018 | 1 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.4/232/2010, 13-12-2011 | 13 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.4/951/2012, 17-07-2012 | 9 | |
| 2009-10 | എൽ. എഫ്.റ്റി.ഡി.ജി.പി.4/1400/2011, 02-04-2013 | 11 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1702/2014 തീയതി 12-5-2014 | 11 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.4/926/2014-2, 17-3-2014 | 6 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.4/243/2015, 02-05-2015 | 11 | |
| 2013-14 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1118/2015, | 26 | |
| 2014-15 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1184(എ)/2016, 3-8-16 | 17 | |
| 2015-16 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1959/2016, 15-11-16 | 10 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1780/2017 തീയതി 24.8.2017 | 23 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/2552/2019 തീയതി 18.2.2019 | 22 | |
| 2018-19 | നം.കെ.എസ്.എ.റ്റി.വി.എം./ ജി.പി.4/803/2020 തീയതി: 06.10.2020 | | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്